ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാമത്തേതും 2013-ലെ ആദ്യത്തേതുമായ സമ്മേളനത്തിലേക്ക് ഞാൻ നിങ്ങൾ ഏവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

1. കേരളത്തിലെ യു.ഡി.എഫ്. സർക്കാർ, സംഘടിതമായ പ്രവർത്തനങ്ങളാലും കർമ്മോത്സുകമായ പരിശ്രമങ്ങളാലും ശ്രദ്ധേയമായ ഇരുപത് മാസം പൂർത്തിയാക്കുകയുണ്ടായി. ഒരു സർക്കാർ, അത് പ്രഖ്യാപിച്ച പദ്ധതികൾ യഥാസമയം പൂർത്തിയാക്കുമ്പോഴാണ്, യഥാർത്ഥത്തിൽ അത് ജനങ്ങളുടെ വിശ്വാസത്തിനും ജനസമ്മതിക്കും പാത്രീഭവിക്കുകയും അവരുടെ അംഗീകാരം നേടിയെടുക്കുകയും ചെയ്യുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഓരോ ചുവടുവയ്പിലും, സവിശേഷവും സുവ്യക്തവുമായ ഒരു ദിശാബോധം എന്റെ സർക്കാർ പ്രകടമാക്കിയിട്ടുണ്ട്. മുൻകാലങ്ങളിൽ മികച്ച അവസരങ്ങളും ഏറ്റവും അനുകൂലമായ ഘടകങ്ങളുമുണ്ടായിരുന്നിട്ടും നമ്മുടെ സംസ്ഥാനത്തെ മിക്ക വികസന മേഖലകളും മാന്ദ്യവും നിർജ്ജീവവുമായി പ്രതീക്ഷയറ്റ അവസ്ഥയിലേക്ക് പിന്തള്ളപ്പെടുകയാണുണ്ടായത്. എല്ലാ മേഖലകൾക്കും പുതുജീവൻ നൽകു

നതിൽ എന്റെ സർക്കാർ വിജയിച്ചിട്ടുണ്ട്. അർപ്പണ ബോധത്തോടും നിശ്ചയ ദാർഢ്യത്തോടുംകൂടി സംസ്ഥാനത്തിന്റെ വികസന പ്രക്രിയക്ക് വേണ്ടത്ര ആക്കം നൽകുന്നതിന് എന്റെ സർക്കാരിന് സാധിച്ചിട്ടുണ്ട്. തീർച്ചയായും, നഷ്ടപ്പെട്ട വികസന സംരംഭങ്ങൾ തിരികെ കൊണ്ടുവരുന്നതിനായി എന്റെ സർക്കാരിന് അക്ഷീണം യത്നിക്കേണ്ടതായി വന്നിട്ടുണ്ട്.

2. ഈ മഹനീയ സഭ ഏതാനും മാസങ്ങൾക്കുമുമ്പ് സേവനാവകാശ ആക്റ്റ് പാസ്സാക്കുകയുണ്ടായി. ഇത്, സുതാര്യതയുടെ ഔന്നത്യത്തിൽ വേരൂന്നിയ നമ്മുടെ ഭരണ സംവിധാനത്തിന് പുതുരൂപം നൽകി അതിനെ നമ്മുടെ ജന ഹൃദയങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനുള്ള ഐതിഹാസികമായ ആദ്യചുവടുവയ്പാണ്. ചരിത്രപരമായ ഈ നിയമനിർമ്മാണത്തിലൂടെ, നമ്മുടെ സംസ്ഥാനത്തെ ഓരോ ആളിനും അർഹമായ എല്ലാ ആനുകൂല്യങ്ങളും, സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത്, ഒരു സഗൗരവകർത്തവ്യമാക്കി എന്റെ സർക്കാർ മാറ്റിയിട്ടുണ്ട്.

3. ക്രമസമാധാന പരിപാലനത്തിൽ കേരളത്തിന്റെ റെക്കാർഡ് തികച്ചും സ്തുത്യർഹമാണ്. യഥാർത്ഥ കുറ്റവാളിയെ നിയമത്തിന് മുമ്പാകെ കൊണ്ടുവരുന്നതിനും അവർക്ക് അർഹമായ ശിക്ഷ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞുവെന്നത് എന്റെ സർക്കാരിന്റെ തിളക്കമാർന്ന നേട്ടമാണ്. സംസ്ഥാനത്ത് നിഷ്ഠൂരമായ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിന് എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ സ്ത്രീകൾക്കും സുരക്ഷ ഉറപ്പാക്കാനുതകുന്ന ഒരു നിയമനിർമാണത്തിന് എന്റെ സർക്കാർ രൂപം നൽകിവരികയാണ്. നമ്മുടെ രാജ്യത്തെ

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ ക്രമാതീതമായ വർദ്ധനവിന്റെ പശ്ചാത്തലത്തിൽ ഇത് തീർച്ചയായും വളരെയധികം പ്രാധാന്യം അർഹിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ അത്തരം സംഭവങ്ങളിൽ വേഗത്തിലും ഫലപ്രദമായും വിചാരണ ഉറപ്പുവരുത്തുന്നതിനായി അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം എന്റെ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇത്, നമ്മുടെ ജനങ്ങൾ പരക്കെ സ്വാഗതം ചെയ്തിട്ടുള്ളതാണ്.

4. 2015-ഓടെ കേരളത്തെ 'ഒരു ഭൂരഹിതരില്ലാത്ത സംസ്ഥാനം (സീറോ ലാന്റ്ലെസ് സ്റ്റേറ്റ്)' ആക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രതീക്ഷാനിർഭരമായ പദ്ധതി എന്റെ സർക്കാരിന്റെ തൊപ്പിയിലെ മറ്റൊരു പൊൻതൂവലാണ്. 2013 ആഗസ്റ്റോടുകൂടി ഒരു ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുന്നതിനുള്ള ഈ ഫ്ളാഗ്ഷിപ്പ് പദ്ധതിയുടെ ആദ്യഘട്ടത്തിന് എന്റെ സർക്കാർ രൂപം നൽകിയപ്പോഴാണ് ഭൂപരിഷ്ക്കരണ സംരക്ഷണം എന്ന പേരിൽ പ്രക്ഷോഭം അടുത്തിടെ ആരംഭിക്കുകയുണ്ടായത്. കേരളത്തിലെ ജനങ്ങളുടെ പിന്തുണ അല്പംപോലും ലഭിക്കാതെ പോയ ദുരുപദിഷ്ടവും പ്രഹസനപരവുമായ ഈ പ്രക്ഷോഭം തികച്ചും പരാജയമായി ത്തീരുകയാണുണ്ടായത്. നമ്മുടെ സംസ്ഥാനത്തെ ഭൂരഹിതരായ ജനങ്ങളോടുള്ള തീരാത്ത പ്രതിബദ്ധതയാണ് തീർച്ചയായും എന്റെ സർക്കാരിന്റെ മുഖമുദ്ര.

5. കേരളത്തിന്റെ വികസനത്തെ ഉത്തേജിപ്പിക്കേണ്ടിയിരുന്ന ഏറ്റവും അനുയോജ്യ ഘടകങ്ങളായ മികച്ച ആരോഗ്യ സൂചകങ്ങൾ, 100 ശതമാനം സാക്ഷരത, കുറഞ്ഞ ശിശുമരണ നിരക്ക്, ഏറ്റവും ഉയർന്ന ആയുർദൈർഘ്യം, മതിപ്പുളവാക്കുന്ന

സാമൂഹികവും സാമ്പത്തികവുമായ പുരോഗതി, ഉയർന്ന പാരിസ്ഥിതികാവബോധം, എല്ലാത്തിലും ഉപരിയായി അതിന്റെ സമ്പുഷ്ടമായ മനുഷ്യവിഭവ ശേഷി എന്നിവ ഉണ്ടെന്നിരിക്കിലും നമ്മുടെ പല പുതിയ പദ്ധതികൾക്കും സ്കീമുകൾക്കും അത്യന്തം കാലവിളംബം നിരന്തരം നേരിട്ടുവരുന്നു. കൊച്ചിയിൽ നടന്ന 'എമർജിംഗ് കേരള ഇവന്റ്'' ഇതിൽ നിന്നും വിഭിന്നമായ ഒരു മാറ്റം സൂചിപ്പിക്കുവാനും നമ്മുടെ സംസ്ഥാനത്തിന്റെ അനന്തമായ സാധ്യതകളും കഴിവും പ്രദർശിപ്പിക്കുവാനും അതിന് ഒരു ഉത്തമമായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി സ്ഥാനം നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. എല്ലാത്തിനും ഉപരിയായി, അത് നമ്മുടെ സംസ്ഥാനത്തിന്റെ അജയ്യമായ ഇച്ഛാശക്തി പ്രകടിപ്പിക്കുകയും വികസനത്തിന്റെ പുരോഗമനോന്മുഖമായ ഒരു പുതിയ പാത തുറക്കുന്നതിനുള്ള അതിന്റെ അദമ്യമായ ആഗ്രഹം ഊന്നിപ്പറയുകയും ചെയ്തിരുന്നു.

6. ഈ വർഷത്തെ മൺസൂൺ വർഷപാതത്തിലെ സാരമായ ദൗർലഭ്യം മൂലമുണ്ടായ പ്രതികൂല ഫലങ്ങളെ ജലസംരക്ഷണ മുൻകരുതൽ നടപടികളിലൂടെയും കാര്യക്ഷമമായ ഊർജ്ജ നിയന്ത്രണത്തിലൂടെയും നേരിടുവാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ അവശ്യഘട്ടത്തിൽ കേന്ദ്ര സർക്കാർ നമുക്ക് നൽകിയ ഉദാരമായ സഹായം എന്റെ സർക്കാർ അംഗീകരിക്കുന്നു. മറ്റെല്ലാ തെക്കൻ സംസ്ഥാനങ്ങളും പ്രതിദിനം 10 മുതൽ 14 മണിക്കൂറോളം നീണ്ടുനിൽക്കുന്ന പവർകട്ടിൽ നട്ടം തിരിയുമ്പോൾ, രാവിലെയും വൈകുന്നേരവും കേവലം അര മണിക്കൂറിൽ പവർകട്ട് പരിമിതപ്പെടുത്തി, ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ ബുദ്ധിമുട്ട് മാത്രമേ ഉള്ളൂവെന്ന് കേരളം ഉറപ്പു വരുത്തുന്നു. 'റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ്'' (Rooftop Solar Power Plant) സ്കീം 10000 കുടുംബങ്ങളിലേക്ക് വ്യാപിപ്പിക്കു

ന്നതോടെ പങ്കാളിത്ത ഊർജ്ജോൽപാദനത്തിന്റെ ഒരു പുതുയുഗം സമാരംഭിക്കുന്നതിന് കേരളം സാക്ഷ്യം വഹിക്കുന്നതാണ്. നിലവിലുള്ള വരൾച്ചാ സാഹചര്യം ഉചിതമായ നടപടികളിലൂടെ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുവാൻ എന്റെ സർക്കാർ തയ്യാറായിട്ടുള്ളതും റവന്യൂ റിക്കവറിയ്ക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയവും കാർഷിക വായ്പകളുടെ പുനക്രമീകരണവും ഇതിനകം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

7. നിഷ്ക്രിയാവസ്ഥയിൽ ആണ്ടുപോയിരുന്ന സ്മാർട്ട് സിറ്റി പ്രോജക്റ്റ് കഴിഞ്ഞ അഞ്ചു വർഷത്തിൽ ഒരു ഇഞ്ചുപോലും പുരോഗമിച്ചിട്ടില്ല. ഇന്ന്, ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിലേക്കുള്ള അതിന്റെ ശരിയായ പാതയിലാണ്. എന്റെ സർക്കാരിന്റെ ശുഷ്കാന്തിയോടെയുള്ള പരിശ്രമങ്ങൾക്ക് നന്ദി. നമ്മുടെ സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോയെക്കുറിച്ച് നമ്മുടെ വിമർശകരിൽ ചിലർ രൂക്ഷമായ വിവാദം ഉയർത്താനും പ്രക്ഷോഭം ഉണ്ടാക്കുവാനും ശ്രമിക്കുകയുണ്ടായി. എന്നാൽ ഇന്ന്, കൊച്ചി മെട്രോയ്ക്ക് അടിസ്ഥാനമിട്ടിട്ടുള്ളതും പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലേക്കുള്ള അതിന്റെ സുനിശ്ചിതമായ പാതയിലുമാണ്. തിരുവനന്തപുരത്തിനും കോഴിക്കോടിനുമുള്ള മോണോ റെയിൽ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. നമ്മുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഭാരത സർക്കാർ, കബോട്ടാഷ് നിയമങ്ങൾ ബാധകമാകുന്നതിൽ നിന്നും വല്ലാർപാടം ടെർമിനലിനെ ഒഴിവാക്കിയിട്ടുണ്ട്. ബി.പി.സി.എൽ (BPCL) വിപുലീകരണ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. നമ്മുടെ വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഒരു പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായ ഡോ. സാംപിത്രോദയുടെ മാർഗ്ഗനിർദ്ദേശ

ത്തിൻകീഴിൽ നിരവധി പ്രധാന സംരംഭങ്ങളുടെ നടപ്പാക്കൽ എന്റെ സർക്കാർ ഉത്സാഹപൂർവ്വം തുടർന്നുവരുന്നതും അവയിൽ ചിലത് വിജയകരമായ നടപ്പാക്കലിന്റെ ശരിയായ പാതയിലുമാണ്.

8. സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുന്നതോടൊപ്പം, സംസ്ഥാനത്തിന്റെ ധനസംബന്ധമായ സ്ഥിരതയും മാക്രോ ഇക്കണോമിക് സ്ഥിരതയും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവും അതേ ആത്മാർത്ഥതയോടെ അത് പിൻതുടരുന്നതാണ്. കഴിഞ്ഞ 20 മാസമായി സംസ്ഥാനത്തെ മൂലധനച്ചെലവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് ഇതിനകമുള്ള കണക്കുകൾ കാണിക്കുന്നു. സാമ്പത്തിക സമാഹരണ പാത സുഗമമായ ഒന്നല്ല എന്നതിൽ സംശയമില്ല. എന്നാൽ എന്റെ സർക്കാർ, ധനസംബന്ധമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എല്ലാ ശ്രമങ്ങളും നടത്തിയിട്ടുള്ളതും ഇത് നമ്മുടെ ധനകമ്മിയിലെ മെച്ചപ്പെട്ട കണക്കുകളിൽ പ്രതിഫലിച്ചിട്ടുള്ളതുമാണ്.

9. ഉദാത്ത സ്വപ്നങ്ങളും പ്രധാന വികസന പദ്ധതികളും യാഥാർത്ഥ്യമാക്കിയതിലൂടെ, നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായ പുരോഗമനപരവും അടിസ്ഥാനപരവുമായ മാറ്റത്തിലൂടെ കടന്നുപോകുമ്പോഴും, യു. ഡി. എഫ്. സർക്കാർ നമ്മുടെ സംസ്ഥാനത്തെ ദരിദ്രർക്കും ആലംബഹീനർക്കും ആശ്വാസമേകുമെന്ന വാഗ്ദാനത്തിൽ ഒട്ടും വിട്ടുവീഴ്ചയില്ലാതെ ഉറച്ചുനിൽക്കുന്നു. ഒരു കിലോ അരിക്ക് ഒരു രൂപ എന്ന നിരക്കിൽ 25 കിലോ അരി നൽകുന്ന പദ്ധതി പാവപ്പെട്ടവർക്ക് വളരെയധികം സഹായകരമാണ്. അവശ്യ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനു പുറമെ, അവയുടെ വില വർദ്ധനവ് ഫലപ്രദ

മായി നിയന്ത്രിച്ചുകൊണ്ട് നമ്മുടെ ജനങ്ങൾക്ക് ആശ്വാസമേകാൻ എന്റെ സർക്കാരിന് സാധിച്ചിട്ടുണ്ട്. എന്റെ സർക്കാർ, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായുള്ള അതിന്റെ പ്രയത്നങ്ങളിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ഏജൻസികളുടെയും വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള വ്യക്തമായ ഒരു നയം ഇതിനായി രൂപപ്പെടുത്തിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി ജനറിക് മരുന്നുകൾ നൽകുക, ആൺമക്കളുള്ളതും എന്നാൽ അവരുടെ സംരക്ഷണം ലഭിക്കാത്തതുമായ വയോധികർക്ക് പെൻഷൻ ലഭ്യമാക്കുക, അനാഥർക്കായുള്ള 'സ്നേഹപൂർവ്വം' പദ്ധതി എന്നീ പ്രശംസനീയമായ നിരവധി പദ്ധതികൾ പാവങ്ങളിൽ പാവപ്പെട്ടവരായ ജനങ്ങളിലേക്ക് എത്തിച്ചേരാനുള്ള എന്റെ സർക്കാരിന്റെ പ്രയത്നങ്ങളുടെ മകുടോദാഹരണങ്ങളാണ്. സംസ്ഥാനത്ത് ലോട്ടറികളുടെ പേരിൽ കഴിഞ്ഞകാലങ്ങളിൽ നിർലജ്ജം അലമുറയിട്ടവർ ഇന്ന് നമ്മുടെ ലോട്ടറികളിൽ നിന്നും ലഭിക്കുന്ന വരുമാനംകൊണ്ടുള്ള ഫണ്ട് മുഴുവനും ഉപയോഗിച്ച് നടത്തപ്പെടുന്ന 'കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ' നിന്ന് നമ്മുടെ പാവങ്ങൾക്ക് ലഭിക്കുന്ന ഒട്ടേറെ ആനുകൂല്യങ്ങളെ വൈമനസ്യത്തോടെയുള്ള അഭിനന്ദനങ്ങളോടെയാണ് നോക്കിക്കാണുന്നത്. അഗതികളുടെ പുനരധിവാസത്തിനായുള്ള ആശ്രയ പദ്ധതി സംസ്ഥാനത്തെ എൺപതിനായിരം കുടുംബങ്ങൾക്ക് സഹായം നൽകി വരുന്നതും ഈ വർഷം കൂടുതൽ അഗതികളെ ഇതിന്റെ കീഴിൽ കൊണ്ടുവരുന്നതുമാണ്.

10. നമ്മുടെ ഭാഷയും വിലപ്പെട്ട സാംസ്കാരിക പാരമ്പര്യങ്ങളും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാന പിറവി ദിനത്തിൽ ആരംഭിച്ചതായി പ്രഖ്യാപിക്കപ്പെട്ട മലയാള സർവ്വകലാശാല എന്റെ സർക്കാരിന്റെ നിരവധി നേട്ടങ്ങളിൽ ഒരു പൊൻതൂവൽ കൂടി ചേർക്കുന്നു.

11. നമ്മുടെ ഭാവി തലമുറകളുടെ ക്ഷേമത്തിനും പുരോഗമനത്തിനും ആവശ്യമായ പൊതുവിഭവങ്ങളുടെ അഭാവംമൂലം അവർ ദുരിതമനുഭവിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് എന്റെ സർക്കാർ 2013 ഏപ്രിലിനുശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പിൽക്കാല പ്രാബല്യത്തോടുകൂടി പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തുകയുണ്ടായി. നമ്മുടെ ജീവനക്കാരിൽ ചില വിഭാഗങ്ങൾ നടത്തിയ പ്രക്ഷോഭം അങ്ങേയറ്റം ദീർഘവീക്ഷണമില്ലാത്തതും പരുക്കൻ യാഥാർത്ഥ്യങ്ങളുടെ അപക്വമായ ധാരണ പ്രതിഫലിപ്പിക്കുന്ന ഒന്നുമായിരുന്നു. രാജ്യത്തെ രണ്ട് സംസ്ഥാനങ്ങൾ ഒഴികെ മറ്റ് എല്ലാ സംസ്ഥാനങ്ങളും ഭാരത സർക്കാരും ഇതിനകം നടപ്പിലാക്കിയിട്ടുള്ള ഒരു പദ്ധതിയോടുള്ള അന്ധമായ ഈ എതിർപ്പ് സങ്കുചിതമായ രാഷ്ട്രീയ പരിഗണനകളാൽ പ്രേരിതമാണെന്നതിൽ യാതൊരു സംശയവുമില്ല. പ്രതീക്ഷിച്ചതുപോലെ പൊതുജന സഹതാപം ഉയർത്തുവാൻ കഴിയാതെ, ഈ പ്രക്ഷോഭം അപമാനകരമാംവിധം നിഷ്ഫലമായിത്തീർന്നു. ജീവനക്കാർതന്നെ, അതും അവരിൽ ബഹുഭൂരിപക്ഷവും, അവർക്കായി നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള ഒരു സർക്കാരിനെതിരായുള്ള ഈ അനാവശ്യ പ്രക്ഷോഭത്തെ തള്ളിക്കളയുകയാണുണ്ടായത്. നമ്മുടെ സംസ്ഥാനത്തിനുവേണ്ടിയുള്ള പ്രധാന വികസന ലക്ഷ്യങ്ങൾ ഊർജ്ജസ്വലമായി പിൻതുടരുന്ന എന്റെ സർക്കാരിന്റെ പാതയിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന തെറ്റിദ്ധാരണാജനകമായ ശ്രമങ്ങൾ പൊതുജനങ്ങളിൽ ഭൂരിഭാഗവും പെട്ടെന്ന് തിരിച്ചറിയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമത്തിനായി പ്രതിബദ്ധതയോടും അർപ്പണബോധത്തോടും കൂടെ പ്രവർത്തിക്കുന്ന എന്റെ സർക്കാരിന് എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ കഴിയുമെന്ന് ആത്മവിശ്വാസമുണ്ട്.

12. നമ്മുടെ സംരംഭകരുടെ കാര്യശേഷി പുറത്തുകൊണ്ടു വരുന്നതിലൂടെയും പൊതുമേഖലയുടെ നവീകരണത്തിലൂടെയും അടിസ്ഥാന സൗകര്യങ്ങളിലും വികസന പദ്ധതികളിലും അർത്ഥവത്തായ നിക്ഷേപങ്ങൾ നടത്തുന്നതിലൂടെയും മാത്രമേ നമ്മുടെ സംസ്ഥാനത്തിന് ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാനാവുകയുള്ളൂയെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. വൻകിട വ്യാവസായിക രംഗത്തുള്ളവരിൽനിന്നും വളരെ നല്ല പ്രതികരണമാണ് എമർജിംഗ് കേരള സംരംഭം ഉളവാക്കിയത്. ആഴത്തിൽ ഉറച്ച സൈദ്ധാന്തിക മുൻധാരണകളിൽ വേരൂന്നിയ പാരമ്പര്യത്തിന്റെ വിലങ്ങുകളെ പൊട്ടിച്ചെറിഞ്ഞുകൊണ്ട് സ്വകാര്യമേഖലയോട് പങ്കാളികളാകാൻ താത്പര്യമുള്ള സംരംഭങ്ങളെ ക്ഷണിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഒരു സ്ഥലമായി കേരളം മാറും എന്ന പ്രതീക്ഷ അങ്ങോളമിങ്ങോളമുള്ള മലയാളികൾ പ്രകടിപ്പിക്കുകയുണ്ടായി. വികസനത്തോടുള്ള നമ്മുടെ സമീപനത്തിൽവന്ന അടിസ്ഥാന പരമായ ഈ മാറ്റത്തെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പങ്കെടുത്ത ആളുകൾ സഹർഷം സ്വാഗതം ചെയ്തു.

13. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ക്ലിയറൻസുകൾ നൽകുന്നത് സുഗമമാക്കിയും വിവിധ വ്യവസായ വിഭാഗങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തിയും സംസ്ഥാനത്ത് ചലനാത്മകമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എമർജിംഗ് കേരള സമ്മേളത്തിന്റെ തുടർ നടപടി എന്ന നിലയിൽ നിരവധി വ്യാവസായിക പദ്ധതികൾക്ക് രൂപം നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുപുറമെ, വിനോദസഞ്ചാരം, ഉന്നതവിദ്യാഭ്യാസം, വൈദഗ്ദ്ധ്യ വികസനം, ആരോഗ്യം തുടങ്ങിയ മറ്റ് മേഖലകളിലും കൂടി

നിരവധി പുതിയ പദ്ധതികൾ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി ദേശീയ വ്യാവസായിക ഉല്പാദന മേഖലയും, പെട്രോളിയം-കെമിക്കൽസ്, പെട്രോകെമിക്കൽസ് വ്യാവസായിക മേഖലയും സ്ഥാപിക്കാൻ എന്റെ സർക്കാർ പദ്ധതിയിടുന്നതും ഇതിലേക്കായുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ ഭാരത സർക്കാരിന്റെ പരിഗണനയിൽ ഉള്ളതുമാണ്. ഇതിനുപുറമെ, കിൻഫ്രായും (KINFRA) വ്യവസായ ഡയറക്ടറേറ്റും നിരവധി പുതിയ വ്യാവസായിക പാർക്കുകൾ വികസിപ്പിച്ചുവരുന്നു. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം എം.എസ്.എം.ഇ. (MSMEs) ക്ലസ്റ്ററുകളുടേയും വികസനത്തിനായി പ്രത്യേക ഊന്നൽ നൽകിവരുന്നു.

14. നമ്മുടെ പൊതുമേഖലാ യൂണിറ്റുകളുടെ പ്രവർത്തനം ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്. സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 'ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് ' ഏർപ്പെടുത്തിയിട്ടുണ്ട്. അവയുടെ ശാക്തീകരണത്തിനും ആധുനികവത്കരണത്തിനുമായി നിരവധി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ലാഭസാദ്ധ്യത മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ടെക്സ്റ്റൈൽ മില്ലുകളുടെ പുനരുദ്ധാരണത്തിനും ആധുനികവത്കരണത്തിനുംവേണ്ടി ഒരു പ്രധാന പദ്ധതി അടുത്തിടെ ഏറ്റെടുത്തിട്ടുണ്ട്.

15. എന്റെ സർക്കാർ, ഭരണസുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിനായി, സംസ്ഥാനത്ത് ഒരു ഡിജിറ്റൽ എക്കോസിസ്റ്റത്തിന് സുദൃഢമായ അടിസ്ഥാനമിടുന്ന സമഗ്രമായ ഒരു ഐ.റ്റി. നയം പ്രഖ്യാപിക്കുക യുണ്ടായി. രാജ്യത്തെ വിവരസാങ്കേതികവിദ്യയുടെ മുഖ്യ ആകർഷണ കേന്ദ്രമാക്കി

കേരളത്തെ മാറ്റുക എന്നതാണ് പ്രധാനലക്ഷ്യം. അഞ്ച് ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടണമെന്ന നമ്മുടെ ലക്ഷ്യം കൈവരിക്കുന്നതിനായി ടെക്നോപാർക്കും ഇൻഫോപാർക്കും സൈബർ പാർക്കും വിവരസാങ്കേതിക മേഖലയിൽ കൂടുതൽ സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കുന്നതാണ്. എന്റെ സർക്കാർ, 'ഇന്റഗ്രേറ്റഡ് ഹൈടെക് ഐ. റ്റി. ടൗൺഷിപ്പുകൾ' പ്രോത്സാഹിപ്പിക്കുകയും അതിലേക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അഭിമാനകരമായ സ്മാർട്ട് സിറ്റി പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചിട്ടുള്ളതും അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

16. എന്റെ സർക്കാർ, ജനങ്ങൾക്ക് അവരുടെ പടിവാതിൽക്കൽ കൂടുതൽ സേവനങ്ങൾ എത്തിക്കുന്നതിനുള്ള ഒരു ഉപാധിയായ ഇ-ഗവേണൻസിന് മുന്തിയ പരിഗണന നൽകുന്നു. അഭിമാനകരമായ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി 2013 മാർച്ചിൽ 23 പൗരസേവനങ്ങളോടെ ദേശീയലക്ഷ്യമായ 50 ജില്ലകൾ എന്നതിൽ 14 ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. പദ്ധതിയിൽ കൂടുതലായി 11 വകുപ്പുകളിൽ നിന്നുള്ള 23 സേവനങ്ങൾ ഉൾപ്പെടുത്തുന്നതാണ്. സർക്കാർ, സംഭരണങ്ങളിലും കരാറുകളിലും കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായി എല്ലാ പ്രധാനപ്പെട്ട വകുപ്പുകളിലും 'ഇ-പ്രൊക്യൂർമെന്റും' 'ഇ-ടെൻഡറിംഗും' കൊണ്ടുവരുന്നതാണ്. മൊത്തം ജനസംഖ്യയിൽ അധികംപേർക്കും യുണീക്ക് ഐഡന്റിറ്റി (ആധാർ) കാർഡ് ലഭിച്ചതോടെ, സർക്കാരിൽ നിന്നുള്ള സഹായങ്ങളായ പെൻഷനുകൾ, സബ്സിഡികൾ, സ്കോളർഷിപ്പുകൾ, മറ്റു സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്നതാണ്. ഇത്, സാധാരണ

ജനങ്ങൾക്ക്, സർക്കാരിൽനിന്നുള്ള 'ഡിജിറ്റലി ഇനേബിൾഡ് സേവനങ്ങൾ' (digitally enabled services) നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ അവരുടെ പടിവാതിക്കൽ എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ പ്രാപ്തമാക്കുന്നതാണ്.

17. ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിന്റെയും കൊച്ചിയിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജിന്റേയും വിജയത്തിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ട് സംസ്ഥാനത്ത് നവീകരണവും സംരംഭകത്വവും ത്വരിതപ്പെടുത്തുന്നതിനായി 100 കോടി രൂപയുടെ പ്രാരംഭ നിക്ഷേപത്തോടുകൂടി കൊച്ചിയിൽ ഒരു 'ഇന്നോവേഷൻ സോൺ' (Innovation Zone) സ്ഥാപിക്കുന്നതാണ്. ആദ്യഘട്ടത്തിൽ, വളർന്നുവരുന്ന വ്യവസായ സംരംഭകർക്കും മൈക്രോ ഇലക്ട്രോണിക്സും ബയോ ടെക്നോളജിയും പോലുള്ള സവിശേഷമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇൻക്യുബേഷൻ സെന്ററുകൾ നടത്തുന്നവർക്കും 3 ലക്ഷം സ്ക്വയർ ഫീറ്റ് സ്ഥലം നാമമാത്രമായ നിരക്കിൽ സോണിൽ ലഭ്യമാക്കുന്നതാണ്. നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് വഴി പഞ്ചായത്തുതല സർക്കാർ ആഫീസുകളിൽ ഹൈ ബാൻഡ്വിഡ്ത്ത് കണക്റ്റിവിറ്റി (High bandwidth connectivity) ഒരു വർഷത്തിനുള്ളിൽ ലഭ്യമാക്കുന്നതാണ്.

18. എന്റെ സർക്കാരിന്റെ മുൻഗണനാ മേഖലയിൽപ്പെടുന്ന ഒന്നാണ് പരമ്പരാഗത വ്യവസായങ്ങളുടെ വികസനം. കൈത്തറി, കരകൗശലം, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി, എറണാകുളം ജില്ലയിലെ പ്രധാന ടൂറിസം സർക്യൂട്ടിനടുത്തായി ഒരു കൈത്തറി വില്ലേജ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വിപണനം മെച്ചപ്പെടുത്തിയും ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരിച്ചും വൈദഗ്ദ്ധ്യം വികസിപ്പിച്ചും കൈത്തറി

സഹകരണ സംഘങ്ങളേയും നെയ്ത്തുകാരേയും ശക്തിപ്പെടുത്തുന്നതിനായി ഒരു പ്രത്യേക പദ്ധതി കൂടി ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷന്റെ വിപണന യത്നങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കരകൗശല തൊഴിലാളികൾക്കുള്ള കുടിശ്ശിക യഥാസമയം നൽകുന്നതിന് പ്രത്യേക വ്യവസ്ഥയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

19. സംസ്ഥാനത്ത് നിലവിലുള്ള സ്പിന്നിംഗ് മില്ലുകളുടെ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനും പുനരുദ്ധാരണത്തിനും മതിയായ കരുതലും ശ്രദ്ധയും നൽകിവരുന്നു. കേരള ഖാദിഗ്രാമ വ്യവസായ ബോർഡിലൂടെ പരമ്പരാഗത നെയ്ത്തും നൂൽനൂൽപ്പും യൂണിറ്റുകളുടെ പുനരുദ്ധാരണം ഏകോപിപ്പിച്ചു വരുന്നു. കയർ കോർപ്പറേഷൻ കയർ മേഖലയുടെ സമഗ്രമായ വികസനത്തിനു വേണ്ടി, കയറിന്റെയും അതിന്റെ ഉപോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഫാക്ടറി സ്ഥാപിച്ചിട്ടുണ്ട്. സംഭരണം മുതൽ ഉൽപ്പാദനം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന കയർ യൂണിറ്റുകളും കൂടി സ്ഥാപിക്കുന്നതാണ്.

20. 'കർഷക രക്ഷ-ഭക്ഷ്യ സുഭിക്ഷ' എന്ന പുതിയ വികസന മുദ്രാവാക്യം മാറ്റൊലിക്കൊള്ളും വിധം കാർഷിക മൃഗസംരക്ഷണ മേഖലകളിലെ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നതിന് ഈ വർഷം എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൽപ്പരകക്ഷികളുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത ഒരു സമഗ്ര കാർഷിക നയമാണ് എന്റെ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ മേഖലകളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി

ഒരു കോക്കനട്ട് ബയോപാർക്കും (Coconut Biopark) റൈസ് പാർക്കും (Rice park) സ്ഥാപിക്കുന്നതാണ്. കർഷകന് ന്യായ വില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കൃഷിഭവനു കൾവഴി നാളീകേര സംഭരണം ആരംഭിക്കുന്നതാണ്. ഈ വർഷ ത്തിൽ നെൽകൃഷി വികസന പദ്ധതികൾ കൂടുതൽ ശക്തിപ്പെടു ത്തുന്നതും നെൽ കർഷകർക്ക് ഹെക്ടറിന് 4000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതുമാണ്. പന്ത്രണ്ട് നിയമസഭാ മണ്ഡലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞ 'നിറവ് പദ്ധതി' (Niravu Programme) മറ്റു മണ്ഡലങ്ങളിലേക്കുകൂടി വരുംവർഷങ്ങളിൽ വ്യാപിപ്പിക്കുന്നതാണ്. സർക്കാർ, ഒരു പുതിയ കാർഷിക നയത്തിന് രൂപംനല്കുന്ന പ്രക്രിയയിലാണ് ഒരു കർഷക ക്ഷേമനിധി ബോർഡും കർഷക ട്രൈബ്യൂണലും സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണ്. സംസ്ഥാനത്ത് ജൈവ കൃഷി പ്രചരി പ്പിക്കുന്നതിനുള്ള പരിപാടി പുരോഗമിച്ചുവരുന്നതും 2016-ഓടെ സംസ്ഥാനം പൂർണ്ണമായും ഒരു ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുന്നതുമാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടം എൻഡോസൾഫാൻ ബാധിതമായ കാസർഗോഡ് ജില്ലയിൽ പുരോഗമിച്ചുവരുന്നു. കേരള കാർഷിക സർവ്വകലാ ശാലയെ കാർഷിക മേഖലയിലെ മികവിന്റെ ഒരു കേന്ദ്രമാക്കി ഉയർത്തുന്നതാണ്.

21. ഒരു ലക്ഷം പശുക്കിടാങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ കന്നുകാലി സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള 'ഗോവർദ്ധിനി' എന്ന ഒരു ബൃഹദ്പദ്ധതി ഭാരത സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായ ത്തോടെ എന്റെ സർക്കാർ ആരംഭിക്കുന്നതും നിലവിലുള്ള

ക്ഷീരോൽപാദനത്തിൽ ഒരു ലക്ഷം ലിറ്റർ അധിക വർദ്ധനവ് ലക്ഷ്യമിടുന്നതുമാണ്. എന്റെ സർക്കാർ 2013–14–ൽ ഒരു ഗോട്ട് ഡവലപ്മെന്റ് ബോർഡ് (Goat Development Board) രൂപീകരിക്കുന്നതാണ്. ഗാർഹിക കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ലക്ഷം കുടുംബങ്ങൾക്ക് അഞ്ചു കോഴികൾ വീതമുള്ള ബേർഡ് യൂണിറ്റുകൾ (Bird Units) നൽകുന്നതാണ്. വയനാട്, കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിൽ പുതിയ പ്രാദേശിക കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. തിരുവനന്തപുരത്തെ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിനെ ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതാണ്. ഒരു 300 ടി. പി. ഡി. (TPD) കാലിത്തീറ്റ പ്ലാന്റും 60 ടി. പി. ഡി. (TPD) ആട്ടിൻ തീറ്റ പ്ലാന്റും സ്ഥാപിക്കുന്നതാണ്. വിപണിയിൽ ഉയർന്ന പോഷകഗുണമുള്ള മാംസത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'നെതർലാൻഡ്സ് ആഗ്രോ ഫുഡ്സ് ആന്റ് ടെക്നോളജി സെന്ററി'ന്റെ സഹായത്തോടെ ആധുനിക പന്നി വളർത്തൽ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്.

22. എന്റെ സർക്കാർ, ക്ഷീര വികസന മേഖലയിൽ ഈ വർഷം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 2013–14–ൽ ക്ഷീര കർഷകർക്ക് 'മിൽക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്' നൽകുന്നതാണ്. എന്റെ സർക്കാർ, ക്ഷീര സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഡോ. വർഗ്ഗീസ് കുര്യൻ മെമ്മോറിയൽ അവാർഡ് ഏർപ്പെടുത്തുന്നതാണ്. വലിയതുറയിലെ സീവേജ് ഫാം സംസ്ഥാന കാലിത്തീറ്റ ഫാമും കാലിത്തീറ്റ ഉൽപ്പാദനത്തിനുള്ള പരിശീലന കേന്ദ്രവുമാക്കി നവീകരിക്കുന്നതാണ്. പന്ത്രണ്ടാം പദ്ധതി കാലയളവിൽ പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് എന്റെ സർക്കാർ നടപ്പിലാക്കുന്നതാണ്.

23. മഹാത്മാഗാന്ധിയുടെ, സ്വയംഭരണം എന്ന സ്വപ്നത്തിൻമേൽ പടുത്തുയർത്തിയ കേരളത്തിലെ കാര്യക്ഷമമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തമായ അടിത്തറ രാജ്യത്തിന്റെ മറ്റു ഭാഗങ്ങൾക്കും ലോകത്തിനും ഒരു മാതൃകയായി കരുതപ്പെട്ടുവരുന്നു. സാമൂഹികവും പൊതുവായതുമായ അടിസ്ഥാന സൗകര്യ പരിപാടികളും പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുകയും തദ്ദേശ സ്വയംഭരണത്തിന്റെയും അതിന്റെ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സഹായക സംവിധാനം കെട്ടിപ്പടുക്കുകയും ചെയ്യുക എന്ന ഒരു ദ്വിമുഖ തന്ത്രം എന്റെ സർക്കാരിന് ഉണ്ട്.

24. എന്റെ സർക്കാർ ഭവന രഹിതർക്ക് അഭയ സ്ഥാനം ഏർപ്പെടുത്തുന്നതിന് തുടർന്നും ഊന്നൽ നൽകുന്നതാണ്. നാളിതുവരെ 108013 വീടുകൾ നിർമ്മിച്ചിട്ടുള്ളതും ഇ. എം. എസ്. ഭവന പദ്ധതിയിൻകീഴിൽ 46906 വീടുകളുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നതുമാണ്. എം. എൻ. ലക്ഷം വീട് നവീകരണ പദ്ധതിയിൻകീഴിൽ 5745 വീടുകൾ നവീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ ഭവന പദ്ധതികൾ നടപ്പിലാക്കൽ സമന്വയിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (Special Purpose Vehicle) ഏർപ്പെടുത്തുന്നതാണ്. 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷ'നെ കൽപ്പിത സർവകലാശാല പദവിയോടുകൂടിയ ഒരു ദേശീയതല സ്ഥാപനമാക്കുന്നതാണ്. അനുഭവജ്ഞാനം പങ്കുവയ്ക്കുന്നതിനും മറ്റു രാജ്യങ്ങളിൽ നിന്നും വിജ്ഞാനം ആർജിക്കുന്നതിനുമുള്ള വേദിയായി തദ്ദേശ ഭരണം സംബന്ധിച്ച ഒരു അന്തർദ്ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നതാണ്.

25. ഗ്രാമീണ പ്രദേശങ്ങളിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളുടെ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതു വഴി ദാരിദ്ര്യ നിർമാർജ്ജനത്തിനായി കുടുംബശ്രീ അതിന്റെ കാര്യക്ഷമമായ പരിശ്രമങ്ങൾ തുടരുന്നതാണ്. അതിന്റെ സംരംഭങ്ങൾ മുഖേന 2013-14-ൽ ഒരു ലക്ഷം ആളുകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. ലൈവ്ലിഹുഡ് മിഷനിലൂടെ (Livelihood Mission) നഗരപ്രദേശങ്ങളിലെ അതിന്റെ പരിശ്രമങ്ങൾ വ്യാപകമാക്കുന്നതാണ്. സംസ്ഥാനത്തെ ആറ് നഗര പ്രാന്തപ്രദേശങ്ങളിൽ നടപ്പിലാക്കാൻ പോകുന്ന രാജീവ് ആവാസ് യോജന മുഖേന ചേരിരഹിത നഗരം എന്ന ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ള സംസ്ഥാനതല നോഡൽ ഏജൻസിയാണ് കുടുംബശ്രീ. എന്റെ സർക്കാർ, ലോക ബാങ്ക് സഹായമുള്ള 'കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്റ്റ്' എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എന്റെ സർക്കാർ, നഗരത്തിലെയും ഗ്രാമത്തിലെയും തദ്ദേശ സ്ഥാപനങ്ങളിൽ കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനത്തിനായി കൂട്ടായ പരിശ്രമങ്ങൾ നടത്തിവരികയാണ്. ഖരമാലിന്യ സംസ്കരണത്തിനായി 33 പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി സബ്സിഡി നൽകിക്കൊണ്ട് ഈ പരിശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഈ വർഷം, സിറ്റി കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും 334080 കമ്പോസ്റ്റ് ഉപകരണങ്ങളും 40542 ബയോഗ്യാസ് സംവിധാനവും സ്ഥാപിക്കുന്നതിനായി സബ്സിഡി നൽകിയിരുന്നു. പി.പി.പി. (PPP) സമ്പ്രദായത്തിലുള്ള ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരത്തും എറണാകുളത്തും തൃശ്ശൂരും കോഴിക്കോടും കണ്ണൂരും കോട്ടയത്തും

സ്ഥാപിക്കുന്നതാണ്. സംസ്ഥാനം മുഴുവനും വുമൺ ആന്റ് ചൈൽഡ് ഫ്രണ്ട്‌ലി (Woman and Child Fridendly) ആക്കുന്നതിന്റെ ആദ്യഘട്ടമായി ഓരോ ജില്ലയിലെയും ഒരു പഞ്ചായത്ത് 2013-14-ൽ വുമൺ ആന്റ് ചൈൽഡ് ഫ്രണ്ട്‌ലി പഞ്ചായത്തായി പ്രഖ്യാപിക്കുന്നതാണ്.

26. നമ്മുടെ നഗരപ്രദേശങ്ങളിലെ സ്ഥലപരിമിതിയും കടുത്ത ഗതാഗത തിരക്കും സംബന്ധിച്ച് എന്റെ സർക്കാരിന് ബോധ്യമുണ്ട്. ഈ പ്രശ്നം ലഘൂകരിക്കുന്നതിന് ആധുനിക പാർക്കിംഗ് പ്ലാസകളും യന്ത്രവൽകൃത പാർക്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊണ്ട് ഒരു ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. തിരഞ്ഞെടുത്ത നഗരകേന്ദ്രങ്ങളിൽ 'ഇ-ടോയ്‌ലറ്റ്' (E-toilet) സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. ചേരിപ്രദേശ വികസനത്തിനും നഗരത്തിലെ ഭവനരഹിതർക്ക് അഭയം നൽകുന്നതിനും എന്റെ സർക്കാർ തുടർന്നും ഊന്നൽ നൽകുന്നതാണ്. നഗരകേന്ദ്രങ്ങളിലെ പ്രധാന സ്ഥലങ്ങളിലെ അവികസിത പ്രദേശങ്ങളുടെ ഒരു പുനർവികസന പദ്ധതിക്കായി തൽപ്പര കക്ഷികളുടെ കൂട്ടായ്മയോടെ ഒരു റോഡ്മാപ്പ് തയ്യാറാക്കുന്നതാണ്. സംസ്ഥാനത്ത്, 'ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെയും' (JnNURM), 'തലസ്ഥാന നഗര വികസന പദ്ധതി' (CRDP)യുടെയും, 'ചെറുതും ഇടത്തരം പട്ടണങ്ങളുടെയും വികസനത്തിനായുള്ള നഗര വികസന പദ്ധതി' (UIDSSMT) യുടെയും കീഴിലുള്ള പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകിവരുന്നുണ്ട്.

27. ഗ്രാമീണ വികസന മേഖലയിൽ, ഭാരത സർക്കാർ തുടക്കം കുറിച്ചിട്ടുള്ള വിവിധ വികസന പദ്ധതികൾക്കുകീഴിൽ ലഭ്യമായ വിഭവങ്ങൾ സമാഹരിക്കുവാൻ എന്റെ സർക്കാർ

അക്ഷീണ പ്രയത്നത്തിലാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റിൻകീഴിൽ, 633.71 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലക്ഷ്യം കൈവരിക്കുന്നതിനായുള്ളപരിശ്രമങ്ങൾ നടന്നുവരുന്നു. 2013-14-ൽ ഈ പദ്ധതിയിൻകീഴിൽ 700 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനം ലക്ഷ്യമിടുന്നു. എം. ജി. എൻ. ആർ. ഇ. ജി. എസ്. (MGNREGS)-ൻ കീഴിൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കാർഷിക മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് ഡോ. എം. എസ്. സ്വാമിനാഥൻ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയ്ക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശത്തെ 60 കി. മീ. ദൈർഘ്യമുള്ള 29 റോഡുകൾ ഉൾപ്പെടെ 137.58 കി. മീ. ദൈർഘ്യമുള്ള ഏകദേശം 30 റോഡുകൾ പി.എം.ജി.എസ്.വൈ. (PMGSY)-ക്കു കീഴിൽ ഉൾപ്പെടുത്തുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. പി.എം.ജി. എസ്.വൈ. (PMGSY)-യുടെ VIII-ാം ഘട്ടത്തിൻകീഴിൽ മറ്റൊരു 720 കി. മീ. റോഡ് ഭാരത സർക്കാർ അംഗീകരിച്ചിട്ടുള്ളതും ഈ വർഷം പണി ആരംഭിക്കുന്നതുമാണ്.

28. എന്റെ സർക്കാർ, ഭവനനിർമ്മാണ മേഖലയിൽ, അവകാശാധിഷ്ഠിതമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഒരു സംയോജിത പാർപ്പിട നയം സാദ്ധ്യമാക്കിത്തീർക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതാണ്. സംസ്ഥാനത്ത് കണക്കാക്കപ്പെട്ടിട്ടുള്ള 12 ലക്ഷത്തോളം വീടുകളുടെ കുറവ് എന്ന പ്രശ്നം പരിഹരിക്കുന്നത് പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള പാർപ്പിട നയം വിഭാവനം ചെയ്യുന്നു. ഭവനനിർമ്മാണത്തിൽ സബ്സിഡി

നൽകുന്നതിനായി 'ഗൃഹശ്രീ', പ്രത്യേകം പ്രത്യേകം വീടുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 'സുരഭി', രോഗികൾക്ക്/കൂട്ടിരിപ്പുകാർക്ക് കുറഞ്ഞ വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കുന്ന 'സാന്ത്വനം' എന്നിവ പോലുള്ള നിരവധി പ്രധാനപ്പെട്ട പദ്ധതികളും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. കേരള അപ്പാർട്ട്മെന്റ് റെഗുലേറ്ററി അതോറിറ്റി ബിൽ, കേരള കെട്ടിടങ്ങൾ (പാട്ടവും, വാടക നിയന്ത്രണവും) ബിൽ എന്നീ രണ്ടു ബില്ലുകൾ നിയമ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്. തൊടുപുഴയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു 'സിറ്റി സെന്ററും' തിരുവനന്തപുരത്തെ വാഴമുട്ടത്തിൽ 'ലാറിബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസും' സ്ഥാപിക്കുന്നതാണ്.

29. എന്റെ സർക്കാർ, പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും വീടുകളുടെ നിർമ്മാണത്തിനുള്ള യൂണിറ്റ് ചെലവ് 2 ലക്ഷം രൂപയായും പട്ടികഗോത്രവർഗ്ഗ വിഭാഗത്തിനുള്ള യൂണിറ്റ് ചെലവ് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2013-14 കാലയളവിൽ 'ഇന്ദിര ആവാസ് യോജന' (IAY) പദ്ധതിയുടെ കീഴിൽ ഗ്രാമീണ ബി.പി.എൽ. കുടുംബങ്ങൾക്കായി 62,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ഉദ്ദേശിക്കുന്നു.

30. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 150 കോടി രൂപയുടെ ഹഡ്കോ വായ്പ ഉപയോഗിച്ച് ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 6000 വീടുകളുടെ നിർമ്മാണവും കൂടാതെ 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ 5000 വീടുകളുടെ നിർമ്മാണവുമാണ് പദ്ധതിയിടുന്ന പ്രധാന സംരംഭങ്ങൾ. വരും വർഷത്തിൽ 5000

മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുന്നതും ശുചിത്വ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 5000 കക്കൂസുകൾ നിർമ്മിക്കുന്നതുമാണ്.

31. മൽസ്യബന്ധന മേഖലയിൽ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നതാണ്. നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു കമ്മീഷൻ രൂപീകരിക്കുന്നതാണ്. ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഫിഷിംഗ് വില്ലേജസ് പ്രോജക്ട്, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ടിൽനിന്നുള്ള സഹായത്തോടെ നടപ്പിലാക്കുന്നതാണ്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യക്കൃഷി പരമാവധി വർദ്ധിപ്പിക്കുന്നതിനും മത്സ്യ വിത്ത് പരിശോധനാ നിലവാരങ്ങൾ ഉയർത്തുന്നതിനുമായി ഒരു മത്സ്യ വിത്ത് ആക്റ്റ് ഉണ്ടാക്കുന്ന കാര്യം പരിഗണനയിലാണ്. മറ്റ് സംരംഭങ്ങളിൽ 'ഒരു വീട് ഒരു അക്വേറിയം പദ്ധതി'യുടെ ഭാഗമായി 6000 അക്വേറിയങ്ങളുടെ വികസനം ഉൾപ്പെടുന്നു.

32. എന്റെ സർക്കാർ, അമ്മമാരേയും കുട്ടികളേയും പ്രായമായവരേയും പ്രത്യേകം കേന്ദ്രീകരിച്ചുകൊണ്ട് പട്ടിക ജാതിക്കാരുടെ ത്വരിതഗതിയിലുള്ളതും സമ്പൂർണ്ണവുമായ വളർച്ചയ്ക്കുമാത്രമായി ഒരു പട്ടികജാതി വികസന നയം രൂപീകരിക്കുന്നതാണ്. വികസനോന്മുഖമായ നിരവധി പദ്ധതികൾ നിർദ്ദേശിച്ചിട്ടുള്ളതും അവയിൽ, പ്രധാനപ്പെട്ട പ്രദേശങ്ങളിൽ ഫ്ളാറ്റുകളുടെ നിർമ്മാണം, ഭർത്താവോ ഭാര്യയോ പട്ടികജാതി സമുദായത്തിൽപ്പെട്ട മിശ്രവിവാഹ ദമ്പതികളാണെങ്കിൽ അവർക്കുള്ള സാമ്പത്തിക സഹായം, തൊഴിലധിഷ്ഠിത വൈദഗ്ധ്യ വികസന പരിപാടികൾ എന്നിവ ഉൾപ്പെടുന്നതു മാകുന്നു. അൻപതോ അതിലധികമോ കുടുംബങ്ങൾ ഉള്ള

പട്ടികജാതി കോളനികളുടെ സംയോജിത വികസനത്തിനുള്ള പരിപാടി, അവരെ അവിടത്തെ സ്വയം പര്യാപ്തരായ നിവാസികളാക്കുന്നതിനായി, 436 കോളനികളിൽ അടുത്ത മൂന്ന് വർഷത്തിൽ നടപ്പിലാക്കുന്നതാണ്. അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കൽ, നഴ്സറികളിലെ ഭക്ഷണം നൽകൽ ചാർജ്ജുകൾ വർദ്ധിപ്പിക്കൽ എന്നിവ മറ്റു പദ്ധതികളിൽ ഉൾപ്പെടുന്നു. അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും പാർപ്പിടങ്ങളും നൽകുന്നതിനായി ഒരു "ഭൂമിയും പാർപ്പിടവും പദ്ധതി" (Land and House Scheme) ആവിഷ്ക്കരിക്കുന്നതാണ്.

33. ഗോത്രവർഗ്ഗത്തിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിന് ജനനി-ജന്മരക്ഷാ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. ഗോത്രവർഗ്ഗത്തിലെ കുട്ടികൾക്ക് സ്കൂളുകളിലേക്കും തിരിച്ച് അവരുടെ ഗ്രാമങ്ങളിലേക്കുമുള്ള യാത്രാസൗകര്യങ്ങൾ നൽകുന്നതിനായി 'ഗോത്ര സാരഥി' പദ്ധതി നടപ്പിലാക്കുന്നതും, ആയത് 'സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്റ്റ്' നടപ്പിലാക്കുന്നതോടുകൂടി കൂടുതൽ പ്രസക്തി ആർജ്ജിക്കുന്നതുമാണ്. ഗോത്രവർഗ്ഗ ഗ്രാമങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് 50 തിരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഒരു ഹാംലറ്റ് ഡെവലപ്മെന്റ് സ്കീം ആരംഭിക്കുന്നതാണ്.

34. എന്റെ സർക്കാർ, പിന്നോക്ക സമുദായങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക താൽപ്പര്യം എടുത്തിട്ടുള്ളതും ഈ ലക്ഷ്യത്തിന് മാത്രമായി ഒരു പുതിയ വകുപ്പ് രൂപീകരിച്ചിട്ടുള്ളതുമാണ്. വിശ്വകർമ്മവിഭാഗും മറ്റു

പിന്നോക്ക വിഭാഗങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി രണ്ട് കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. എന്റെ സർക്കാർ, കേന്ദ്ര സഹായത്തോടെ പ്രീമെട്രിക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തികൊണ്ട് ഒ. ബി. സി. (O.B.C.) വിദ്യാർത്ഥികളെ സഹായിക്കുന്നതിനും നിയമവൃത്തിയിൽ പ്രാക്റ്റീസ് ആരംഭിക്കുന്നതിനായി നിയമബിരുദധാരികൾക്ക് ഗ്രാന്റ് നൽകുന്നതിനും ഉദ്ദേശിക്കുന്നു. 2013-14 വർഷത്തിൽ, ഒരു സ്പെഷ്യൽ ഏരിയ ഡെവലപ്പ്മെന്റ് പ്രോഗ്രാം, ചാർട്ടേഡ് അക്കൗണ്ടൻസി പഠിക്കുന്ന ഒ. ബി. സി. (O.B.C.) വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികസഹായം, മറ്റു തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കൽ പരിപാടികൾ എന്നിവ ഏറ്റെടുക്കുന്നതിന് സർക്കാർ പദ്ധതിയിടുന്നു.

35. എന്റെ സർക്കാർ, സംസ്ഥാനത്തെ ന്യൂനപക്ഷത്തിന്റെ ഉന്നമനത്തിനായുള്ള അതിന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ രൂപീകരണവും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്ഥാപിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. എന്റെ സർക്കാർ, എല്ലാ ജില്ലകളിലും ജില്ലാ ക്ഷേമ ആഫീസുകളും/ പ്രോജക്റ്റ് ആഫീസുകളും തുറക്കുവാൻ ഉദ്ദേശിക്കുന്നു. ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനായി താമസസൗകര്യത്തോടു കൂടിയുള്ള ഒരു സിവിൽ സർവ്വീസ് അക്കാഡമി സ്ഥാപിക്കുന്നതും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ ആരംഭിക്കുന്നതുമാണ്.

36. മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ ക്ഷേമത്തിനായി ഒരു കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. അവരുടെ ക്ഷേമത്തിനും വിദ്യാഭ്യാസപരമായ സഹായം നൽകുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

37. അംഗവൈകല്യമുള്ളവർ, അഗതികൾ, വയോധികർ, ദുർബലർ എന്നിവർക്ക് പരിരക്ഷയും അവരോട് കാരുണ്യവും എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന എന്റെ സർക്കാരിന് സാധിച്ചിട്ടുണ്ട്. എന്റെ സർക്കാർ, കുട്ടികൾക്ക് പ്രീപ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് 33,000 അംഗൻവാടികളുടെ ഇരുപത് ശതമാനത്തെ സജ്ജമാക്കുന്നതിനുള്ള വിപുലമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കുഞ്ഞ്, അമ്മ, പ്രായംചെന്ന സ്ത്രീകൾ, കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾ എന്നിവർക്ക് ഉയർന്ന നിലവാരത്തിലുള്ള പരിരക്ഷ വിഭാവനം ചെയ്യുന്ന മാതൃകാ അംഗൻവാടികളുടെ ആദ്യഘട്ട നിർമ്മാണം ഈ മാസം ആരംഭിക്കുന്നതാണ്. നബാർഡിന്റെ (NABARD) ആർ.ഐ.ഡി.എഫ്. (RIDF) പദ്ധതിയുടെ കീഴിൽ 700 അംഗൻവാടികൾ ഈ വർഷം നിർമ്മിക്കുന്നതാണ്.

38. ഏഷ്യയിലെയും പസഫിക്കിലെയും വൈകല്യമുള്ള ആളുകൾക്ക് വേണ്ടി 'മേക്ക് ദ റൈറ്റ് റിയൽ' (Make the Right Real) ഇൻചിയോൺ സ്ട്രാറ്റജിയിൽ വിഭാവനം ചെയ്തിട്ടുള്ള എസ്കാപ്പ് (ESCAP) -ന്റെ മിനിസ്റ്റീരിയൽ പ്രഖ്യാപനം ഭാരത സർക്കാർ സ്വീകരിക്കുകയുണ്ടായി. ഈ തത്വങ്ങൾ വൈകല്യമുള്ള വ്യക്തികളോടുള്ള എന്റെ സർക്കാരിന്റെ സമീപനങ്ങൾക്ക് മാർഗ്ഗദർശകമാക്കുന്നതാണ്. ശാരീരിക വൈകല്യമുള്ളവരെ സർക്കാർ സേവനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച് ദീർഘകാലമായി നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് എന്റെ സർക്കാർ നടത്തിയ പ്രശംസനീയമായ പുരോഗതിയും പബ്ലിക് സർവ്വീസ് കമ്മീഷന്റെയും വകുപ്പുകളുടെയും പങ്കാളിത്തത്തോടുകൂടി നടത്തിയ ഏകദിന അദാലത്തിലൂടെ, വളരെക്കാലമായി നീക്കിവച്ചിട്ടുള്ളതും നികത്തപ്പെടാതെ കിടന്നതുമായ 1187 ഒഴിവുകൾ

കണ്ടെത്തിയിട്ടുണ്ട് എന്നും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഭാരതത്തിൽ ഇത്തരത്തിൽ ആദ്യത്തേതായ, വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക ഉദ്യമത്തിൻകീഴിൽ, ഓട്ടിസം, ശ്രവണവൈകല്യം, സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ നാലു പ്രധാന വൈകല്യങ്ങൾ ഉള്ളവർക്കുവേണ്ടി കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മനുഷ്യസ്നേഹിയായ ഒരാൾ സൗജന്യമായി നൽകിയ ഭൂമിയിലും കെട്ടിടത്തിലും ഒരു പാരാപ്ലീജിയ കേന്ദ്രം (Paraplegia Centre) ഇരിങ്ങാലക്കുടയിൽ ആരംഭിക്കുന്നതാണ്.

39. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുടെയും അടുത്തിടെ ഉണ്ടായ ഭയാനക സംഭവങ്ങളുടെയും പ്രതീകമായി മാറിയ ധൈര്യശാലിയായ ഒരു യുവതിയുടെ ദാരുണ മരണം എന്റെ സർക്കാരിനെ ദുഖത്തിലാഴ്ത്തി. എല്ലാ സ്ത്രീകൾക്കും ഭയമില്ലാതെയും മാന്യതയോടെയും ജീവിക്കുന്നതിനുള്ള അവകാശം ഉറപ്പാക്കുന്ന ഒരു സമഗ്രമായ നയപ്രഖ്യാപനം 'നിർഭയ' (Nirbhaya) വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിർഭയയുടെ കീഴിൽ ആദ്യത്തെ അഭയമന്ദിരം തുടങ്ങിക്കഴിഞ്ഞു. ജെൻഡർ പാർക്കുകൾക്കായുള്ള പരസ്യങ്ങൾ പ്രചരിപ്പിച്ചിട്ടുള്ളതും അതിന്റെ നിർമ്മാണം വരുംവർഷത്തിൽ ആരംഭിക്കുന്നതുമാണ്.

40. ഒരു പുതിയ വയോജന നയം പ്രഖ്യാപിച്ചിട്ടുള്ളതും അത് നടപ്പിലാക്കുന്നതിനായി കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിന് വേണ്ടി പ്രത്യേക കർമ്മസേനകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും, വയോമിത്രം പദ്ധതിയുടെ കീഴിൽ ലബോറട്ടറികളോടു കൂടിയ മൊബൈൽ വാനുകൾ ഏർപ്പെടുത്തുന്നതാണ്.

41. എന്റെ സർക്കാർ, ഓരോ വിഭാഗത്തിലുംപെട്ട ക്ഷേമ സ്ഥാപനങ്ങൾക്കുവേണ്ടി സംരക്ഷണത്തിന്റെ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ ക്ഷേമസ്ഥാപനങ്ങളെയും ഉന്നത നിലവാര ത്തിലേക്ക് ഉയർത്തുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആരംഭിച്ചിട്ടു ള്ളതുമാണ്. 'കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ' കീഴിൽ അഗതി കൾക്കും ദുരിതമനുഭവിക്കുന്ന ആളുകൾക്കും സഹായം ആവശ്യ മുള്ള കുടുംബങ്ങൾക്കുംവേണ്ടിയുള്ള പ്രത്യേക പദ്ധതികളിൽ, ഭാരതത്തിലും വിദേശത്തിലുമുള്ള ഉദാരമതികളായ ജനങ്ങളേയും സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്ന 'വീ കെയർ' (WE CARE) എന്ന അതുല്യമായ ഒരു ധനസമാഹരണ പദ്ധതി എന്റെ സർക്കാർ ഈ വർഷം കൊണ്ടുവരുന്നതാണ്.

42. ബാലാവകാശ കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ളതും കമ്മീഷനിലെ ബാലാവകാശ കമ്മീഷണറേയും അംഗങ്ങളേയും നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കുടുംബത്തിലോ അവരുടെ ബന്ധുക്കളോടോ സുഹൃത്തുക്കളോടൊ അല്ലെങ്കിൽ കെ. എസ്. എസ്. എം. (KSSM) മുഖേന സമൂഹത്തിന്റെ സഹായത്തോടെയോ താമസിക്കുന്ന അനാഥർക്ക് സാമ്പത്തിക സഹായം നൽകുന്ന "സ്നേഹപൂർവ്വം പദ്ധതി" വിപുലീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 'കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി' പ്രകാരം പാവപ്പെട്ട കുടുംബ ങ്ങളിലെ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി 200-ഓളം ശസ്ത്രക്രിയകൾ 2013 മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കു ന്നതാണ്. വരുംവർഷത്തിൽ 200-ൽ അധികം ശസ്ത്രക്രിയകൾ കൂടി നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. മയക്കുമരുന്നുകൾ, ലഹരി പദാർത്ഥങ്ങൾ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ കൗമാര പ്രായത്തിലുള്ള ആൺകുട്ടികൾക്കും

പെൺകുട്ടികൾക്കും കൗൺസലിംഗ് നൽകുന്നതിനായി "ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൺ" (ORC) കേരളത്തിലെ എല്ലാ ജില്ലകളിലും എന്റെ സർക്കാർ ആരംഭിക്കുന്നുണ്ട്.

43. ബിരുദധാരികൾ ഉൾപ്പെടെ നിലവിലുള്ള ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിലായിരിക്കും എന്റെ സർക്കാർ വരുംവർഷത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 'അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാ'മിനു കീഴിൽ 8 ജില്ലകളിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെക്കൂടി തൊഴിൽ സാദ്ധ്യത കേന്ദ്രങ്ങളാക്കി മാറ്റുന്നതും അത് അവിടെ രജിസ്റ്റർ ചെയ്തവർക്ക് പരിശീലനത്തോടൊപ്പം തൊഴിലും നൽകുന്ന കേന്ദ്രമായി പ്രവർത്തിക്കുന്നതുമാണ്. വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഐ. ടി. ഐ. കളും പ്രമുഖ വ്യവസായങ്ങളും തമ്മിലുള്ള വ്യവസായ സ്ഥാപനബന്ധത്തിൽ വരുംവർഷത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. 'കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്' മുഖേന ചില്ലറ വ്യാപാരം, ആട്ടോമൊബൈൽ, പെട്രോളിയവും ഓയിൽറിഗ്ഗുകളും വിനോദസഞ്ചാരവും ഹോസ്പിറ്റാലിറ്റിയും, ജെംസും ജുവലറിയും, നേഴ്സിംഗ് എന്നീ രംഗങ്ങളിൽ വിവിധങ്ങളായ വൈദഗ്ദ്ധ്യ വികസന ഉദ്യമങ്ങൾ നടപ്പിലാക്കുന്നതാണ്.

44. സംസ്ഥാനത്തിനകത്തും രാജ്യത്താകമാനവുമുള്ള നേഴ്സുമാരുടെ ദയനീയാവസ്ഥ പരിഗണിച്ച്, അവർക്ക് ലോകത്താകമാനം ജോലി തേടുന്നതിനുവേണ്ട പരിശീലനം നൽകുന്നതിന് പ്രത്യേക പ്രാധാന്യം നൽകുന്നതാണ്. തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിച്ച്, അവർക്ക് നിലവിലുള്ള ഭവന പദ്ധതി നവീകരിക്കുന്നതാണ്. അവരുടെ ആരോഗ്യ പരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി

ക്ഷേമ ബോർഡുകളുമായി സഹകരിച്ച് എല്ലാ ജില്ലാ ആശുപത്രികളിലും തൊഴിലാളികളുടെ ബ്ലോക്ക് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ കുടിയേറ്റ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും അവർക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കേരള കുടിയേറ്റ തൊഴിലാളി സാമൂഹ്യ സുരക്ഷ ആക്റ്റ് എന്ന പേരിൽ ഒരു പുതിയ നിയമം ഈ വർഷം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. വേതനസംരക്ഷണ സംവിധാനം, കൂടുതൽ സ്ഥാപനങ്ങളെ അതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി, വ്യാപിപ്പിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്ഷേമ ബോർഡുകളുടെ സഹകരണത്തോടുകൂടി പി.പി.പി. (P.P.P.) മാതൃകയിൽ ആകർഷകമായ ഭവന പദ്ധതി സമാരംഭിക്കുന്നതാണ്.

45. ആരോഗ്യ പരിവർത്തനത്തിന്റെ ഒരു നൂതന ഘട്ടത്തിലൂടെ കേരളം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണെന്നും സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സുരക്ഷ താങ്ങാനാവുന്ന ചെലവിൽ എല്ലാ തലങ്ങളിലും നൽകണമെന്നുമുള്ളതാണ് ഇപ്പോഴത്തെ ആവശ്യമെന്ന് എന്റെ സർക്കാർ ദൃഢമായി വിശ്വസിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഒരു സമഗ്ര ആരോഗ്യ നയം ആവിഷ്കരിക്കുന്നതാണ്. ഇതിനുപുറമെ, ഉയർന്നുവരുന്ന ആവശ്യങ്ങളും വെല്ലുവിളികളും നേരിടുന്നതിനായി 2002-ലെ 'മെന്റൽ ഹെൽത്ത് പോളിസി' (Mental Health Policy) പുനരാവിഷ്കരിക്കുന്നതാണ്. പെൺകുട്ടികൾക്കുള്ള ആരോഗ്യ സംരക്ഷണ പദ്ധതി 'കന്യാസുരക്ഷ', സൗജന്യ തിമിര ശസ്ത്രക്രിയയ്ക്കുള്ള ഒരു പദ്ധതി 'കാഴ്ച', സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും ബിപിഎൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി ഇൻസുലിൻ നൽകുന്നതിനുള്ള ഒരു

പദ്ധതി 'മധുരം ബാല്യം', പാലക്കാടിലേയും വയനാടിലേയും ഗോത്ര വർഗ്ഗ പ്രദേശങ്ങളിൽ ഗർഭധാരണത്തിനും ശിശു പരിപാലനത്തിനും ഒരു പ്രോൽസാഹനമെന്ന നിലയിൽ 'ഡയറക്ട് ക്യാഷ് ട്രാൻസ്ഫർ സിസ്റ്റം' ഉൾപ്പെടെ പാവപ്പെട്ടവരുടെ ഉന്നമനത്തിനായി പദ്ധതികളുടെ ഒരു ശ്രേണിതന്നെ കൊണ്ടുവരുന്നതാണ്. സംസ്ഥാനത്തെ തീരദേശമേഖലയെ ഉൾക്കൊള്ളിച്ചുകൊണ്ട് 'ആരോഗ്യതീരം' പരിപാടിയിലൂടെ തീരദേശവാസികൾക്ക് സമഗ്ര ആരോഗ്യ സുരക്ഷ നൽകുന്നതിനായി യത്നിക്കുന്നതാണ്.

46. കോഴിക്കോട് മെഡിക്കൽ കോളേജിനെ പി. എം. എസ്. എസ്. വൈ. (P.M.S.S.Y.) പദ്ധതിയിൻകീഴിൽ ഉയർത്തുന്നതാണ്. 5 മെഡിക്കൽ കോളേജുകളിൽ പുതിയ പാരാ മെഡിക്കൽ കോഴ്സും, ബേൺസ് യൂണിറ്റും, റീജിയണൽ ക്യാൻസർ സെന്ററിൽ ഹോളിസ്റ്റിക് മെഡിസിനായുള്ള ഒരു കേന്ദ്രവും വരുംവർഷത്തിലെ മുഖ്യ സംരംഭങ്ങളായിരിക്കുന്നതാണ്. കോട്ടയം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ടേർഷ്യറി ക്യാൻസർ കെയർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. പത്ത് ജില്ലാ ആശുപത്രികളിൽ ട്രോമാ കെയർ സെന്ററുകൾ വിപുലീകരിക്കുന്നതാണ്. പരമ്പരാഗത ചികിൽസാ രീതികളായ ആയുർവേദ, സിദ്ധ, യുനാനി, ഹോമിയോപ്പതി എന്നിവയ്ക്ക് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 25 ആയുർവേദ ഡിസ്പെൻസറികൾക്കു പുറമെ ഈ വർഷം 25 പുതിയ ആയുർവേദ ഡിസ്പെൻസറികൾ കൂടി ആരംഭിക്കുന്നതാണ്. വെള്ളക്കെട്ട് പ്രദേശങ്ങളിൽ അത്യാഹിത സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്കായി 'ജലരക്ഷ' എന്ന പേരിൽ വാട്ടർ അംബുലൻസുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

47. ആരോഗ്യ പരിരക്ഷ എല്ലാവർക്കും താങ്ങാവുന്ന തരത്തിലാക്കുന്നതിനുള്ള ഒരു സുപ്രധാന കാൽവയ്പ് എന്ന നിലയിൽ സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ മുഖേന രോഗികൾക്ക് സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. പൊതുജനാരോഗ്യ കേന്ദ്ര ങ്ങളിലേക്കുകൂടി ഇത് വ്യാപിപ്പിക്കുന്നതാണ്. ഗ്രാമീണ ജനതയ്ക്ക് അവശ്യം വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനം എൻ. ആർ. എച്ച്. എം. (N R H M) -ഉം ആയി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. 8 ജില്ലകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ ആശുപത്രികളും ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ പുതിയ ദന്തൽ കോളേജുകളും അടുത്ത വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

48. സ്കൂൾ വിദ്യാഭ്യാസത്തിൽ, അതിന്റെ ഗുണനിലവാര മെച്ചപ്പെടുത്തുന്നതിലായിരിക്കും എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീ കരിക്കുന്നത്. ഈ ദിശയിലുള്ള വിവിധ നൂതന പദ്ധതികളിൽ, സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക, അദ്ധ്യാപകർക്ക് പരിശീലനം നൽകുക, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായം നൽകുക എന്നിവ ഉൾപ്പെടുന്നു. 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റിലെ വ്യവസ്ഥകൾ, സർവ്വ ശിക്ഷാ അഭിയാൻ (SSA) രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്നിവയുടെ കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ഗുണനില വാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് സാദ്ധ്യമാകുന്ന സാഹചര്യം സംസ്ഥാനം രൂപപ്പെടുത്തിവരികയാണ്.

49. അടുത്ത അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളിലെ ഒരു ക്ലാസ് മുറിയെങ്കിലും ഇന്ററാക്ടീവ് സ്മാർട്ട് ക്ലാസ് റൂം ആയി ഉയർത്തുന്നതാണ്. ആർ. എം. എസ്. എ. (RMSA) പദ്ധതിയുടെ കീഴിൽ 36 പുതിയ സ്കൂളുകൾ ഇതിനകം ആരംഭിച്ചിട്ടുള്ളതും അടുത്ത അദ്ധ്യയന വർഷത്തിൽ 11 പുതിയ സ്കൂളുകൾകൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ഹൈസ്കൂളുകളിൽ ഇന്റർനെറ്റ് അധിഷ്ഠിത പഠനത്തിന് പിൻബലമായി ഡിജിറ്റൽ ലൈബ്രറികൾ സ്ഥാപിക്കുന്നതാണ്. കുട്ടികളുടെ പോഷക നിലവാരം മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിയിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം പാലും ഒരു മുട്ടയും കൂടുതലായി എന്റെ സർക്കാർ നൽകിവരുന്നതും, കൂടാതെ പോഷകാഹാര ഇനങ്ങൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും കുട്ടികളുടെ പോഷക നിലവാരം മെച്ചപ്പെടുത്തുന്നതുമാണ്.

50. എന്റെ സർക്കാർ, അടുത്ത അദ്ധ്യയന വർഷത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾക്കുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതും അത് 2014-15 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതുമാണ്. സ്കൂളുകളുടെ നടത്തിപ്പിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഉദ്യമത്തിന്റെ ഭാഗമായി പ്രധാന അദ്ധ്യാപകർക്കായി, 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ട്രെയിനിംഗ്', 'മാനേജ്മെന്റ് ട്രെയിനിംഗ് മൊഡ്യൂൾ' വികസിപ്പിച്ചെടുത്തിട്ടുണ്ട്. 150-ൽ അധികം വിദ്യാർത്ഥികളുള്ള എൽ. പി. സ്കൂളുകളിലെയും 100-ൽ അധികം വിദ്യാർത്ഥികളുള്ള യു. പി. സ്കൂളുകളിലെയും പ്രധാന അദ്ധ്യാപകർക്ക് ക്ലാസ് ചാർജ്ജ് ഉത്തരവാദിത്വം എന്ന അധികഭാരം നൽകുന്ന നിലവിലുള്ള സംവിധാനം നിർത്തലാക്കിയിട്ടുണ്ട്. എന്റെ സർക്കാർ ശ്രീനാരായണ ഗുരുവിന്റെ സിദ്ധാന്തങ്ങളിൽ അടങ്ങിയിട്ടുള്ള ഉദാത്ത മൂല്യങ്ങൾ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

51. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിലും മദ്രസകൾ നവീകരിക്കുന്നതിലും സംസ്ഥാനം മുൻനിരയിലാണ്. ഈ അദ്ധ്യയന വർഷത്തിൽ മാത്രം മുൻപുണ്ടായിട്ടില്ലാത്തവിധം 418 ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സാമ്പത്തിക സഹായം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

52. സർക്കാർ സ്കൂളുകളിലെ എസ്. എസ്. എ. (S.S.A) പദ്ധതിയിൻകീഴിൽ വിദ്യാർത്ഥിനികൾക്കും എസ്.സി/എസ്.റ്റി. (SC/ST) വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളിലേക്കും ബി.പി.എൽ. കുടുംബങ്ങളിൽനിന്നുള്ള VIII-ാം സ്റ്റാന്റേർഡ് വരെയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കുമായുള്ള സൗജന്യ യൂണിഫോം വിതരണം എയ്ഡഡ് സ്കൂളുകളിലേക്കും കൂടി വ്യാപിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. യോഗ്യതയുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഉള്ള പ്രതിമാസ ഓണറേറിയം യഥാക്രമം 5000 രൂപയും 3500 രൂപയുമായി എന്റെ സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളത് സർക്കാർ നിർണ്ണയിച്ചേക്കാവുന്ന നിബന്ധനകളും യോഗ്യതകളും ഉള്ള നിലവിലെ എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകരിലേക്കും ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

53. ഉന്നത വിദ്യാഭ്യാസ മേഖലയിൽ, നമ്മുടെ സംസ്ഥാനം ഭാരതത്തിൽ നേതൃനിരയിൽ എത്തുമെന്നും ലോകനിലവാരത്തിലേക്ക് ഉയരുന്നതിനുവേണ്ടി പടിപടിയായി മുന്നേറുമെന്നും എന്റെ സർക്കാർ വിശ്വസിക്കുന്നു. ഇതിനായി, മികവും നീതിപൂർവ്വകതയും ഒരുപോലെ കൈവരിക്കുന്നവിധം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു കർമ്മ പദ്ധതി പ്രഖ്യാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇ പദ്ധതിയുടെ ഭാഗമായി മെച്ചപ്പെട്ട രീതിയിൽ

പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. കഴിഞ്ഞ ദശാബ്ദത്തിൽ ആദ്യമായി, സർക്കാർ കോളേജുകളിൽ വിവിധ തലങ്ങളിൽ 58 പുതിയ ആർട്സ്-സയൻസ് കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം', 'വാക്ക് വിത്ത് സ്കോളർ', 'സ്കോളർ സപ്പോർട്ട് പ്രോഗ്രാം' എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിരവധി പുതിയ സംരംഭങ്ങൾ ഉന്നത വിദ്യാഭ്യാസത്തിന് പുത്തൻ ഉണർവ്വ് പകർന്നിട്ടുള്ളതും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ സംഭാവന നൽകിയിട്ടുള്ളതുമാണ്. 2013-14 വർഷത്തിൽ, വ്യവസായ മേഖലയിലെ ആവശ്യങ്ങളിലധിഷ്ഠിതമായ ന്യൂ ജനറേഷൻ കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുവാൻ എന്റെ സർക്കാർ പദ്ധതിയിടുന്നതും, സർവ്വകലാശാലകളിൽ "നാനോടെക്നോളജി" പോലെയുള്ള ആധുനിക മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതുമാണ്. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആർട്സ്-സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടികൾ പൂർത്തീകരിക്കുന്നതിനായി കൂടുതൽ നിക്ഷേപം നടത്തുന്നതാണ്. അത്തരം സൗകര്യങ്ങൾ ഇല്ലാത്ത മേഖലകളിൽ, എന്റെ സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങളായ കോളേജുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. കമ്മ്യൂണിറ്റി കോളേജുകളിലൂടെ 'ഔട്ട് റീച്ച്' പ്രോഗ്രാമുകൾ സർക്കാർ ആർട്സ്-സയൻസ് കോളേജുകളിലും, പോളിടെക്നിക്കുകളിലും നടപ്പിലാക്കുന്നതാണ്. 'സ്റ്റേറ്റ് അക്രെഡിറ്റേഷൻ ആന്റ് അസ്സെസ്സ്മെന്റ് കൗൺസിൽ' (SAAC) സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൗൺസിലിന്റെ ആഭിമുഖ്യത്തിൽ, സർവ്വകലാ

ശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്കായി ഒരു 'ഫാക്കൽറ്റി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്' ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഭാരത സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

54. എന്റെ സർക്കാർ, കേരളത്തിൽ ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതും ഒരു ഉന്നതതല സംഘം ഇത് സംബന്ധിച്ച് അവരുടെ റിപ്പോർട്ട് ഇതിനകം സമർപ്പിച്ചിട്ടുള്ളതുമാണ്. കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് ആവശ്യമായ എല്ലാ പ്രാരംഭ ജോലികളും പൂർത്തീകരിച്ചിട്ടുള്ളതും ഈ സർവ്വകലാശാല താമസംവിനാ ആരംഭിക്കുന്നതുമാണ്. 'ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി'യുടെ (EFLU) ഓഫ് കാംബസ് ഈ വർഷം തന്നെ ഉദ്ഘാടനം ചെയ്യുന്നതാണ്. സംസ്ഥാനത്തിൽ ഒരു ഐ. ഐ. റ്റി. (IIT) എന്ന കേരളത്തിന്റെ ചിരകാല അഭിലാഷത്തിന് മുന്തിയ പരിഗണന നൽകുന്നതും ഇതിലേയ്ക്കായി ആത്മാർത്ഥമായ പരിശ്രമങ്ങൾ തുടരുന്നതുമാണ്. ഈ അടുത്ത കാലത്ത് സമാപിച്ച എമർജിംഗ് കേരള സമ്മേളനം ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് വളരെയധികം പ്രയോജനകരമായിരുന്നു. സർക്കാർ തലത്തിൽ അന്താരാഷ്ട്ര ബന്ധങ്ങൾക്കായുള്ള ഒരു പുതിയ ഗ്രൂപ്പ് സ്ഥാപിച്ചിട്ടുള്ളതും എല്ലാ സർവ്വകലാശാലകളും സമാന ഗ്രൂപ്പുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയിടുന്നുണ്ട്. ഇപ്പോൾ നടന്നുവരുന്നതോ ഉദ്ദേശിച്ചിട്ടുള്ളതോ ആയ നിരവധി സംരംഭങ്ങളിൽ പ്രധാനപ്പെട്ട അന്താരാഷ്ട്ര കമ്പനികളുമായുള്ള പങ്കാളിത്തം ഉൾപ്പെടുന്നു. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് ക്യാമ്പസ്സിൽ 'ട്രിവാൻഡ്രം റിസേർച്ച് ആന്റ് എൻജിനീയറിംഗ് സയൻസ് പാർക്ക്'

സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ, ഒരു പുതിയ എൻജിനിയറിംഗ് ആന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ജോലികൾ പൂർത്തീകരിച്ചു വരികയാണ്.

55. അന്താരാഷ്ട്ര ഗണിതശാസ്ത്ര വർഷത്തിൽ പ്രഖ്യാപിക്കപ്പെട്ട 'ശ്രീനിവാസ രാമാനുജം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്' അതിന്റെ ആദ്യ അക്കാഡമിക് പരിപാടിക്ക് അടുത്ത ആഴ്ച തുടക്കമിടുന്നതോടെ ഒരു യാഥാർത്ഥ്യമായി തീരുകയാണ്.

56. എന്റെ സർക്കാർ, വനം-വന്യജീവി പരിപാലനത്തിനായി പ്രത്യേകം ശ്രദ്ധ കൊടുത്തിട്ടുണ്ട്. ഏകദേശം 19% വരുന്ന ദേശീയ ശരാശരിയെക്കാൾ മെച്ചപ്പെട്ട 29% ത്തോളം വരുന്ന വന വിസ്തൃതി സംസ്ഥാനത്തിന് ഉണ്ടെങ്കിൽ കൂടിയും സംസ്ഥാനത്തെ ജനസാന്ദ്രത, മനുഷ്യനും മൃഗങ്ങളും തമ്മിലുണ്ടാകുന്ന ഏറ്റുമുട്ടലുകളിൽ നിന്നും ഉൽഭവിക്കുന്ന പ്രശ്നങ്ങൾക്ക് ആക്കം കൂട്ടി. ഈ പ്രശ്നം ലഘൂകരിക്കുന്നതിനായി എന്റെ സർക്കാർ കൂട്ടായ നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നു. വന്യജീവികൾക്ക് കുടിവെള്ളം നൽകുന്നതിനായി 44 തടയണകൾ കഴിഞ്ഞ വർഷം വനപ്രദേശങ്ങളിൽ നിർമ്മിച്ചു. 100 തടയണകൾകൂടി നിർമ്മിക്കുന്നതാണ്. പൊതുജനങ്ങൾക്ക് വന ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് സഞ്ചരിക്കുന്ന കൂടുതൽ 'വനശ്രീ യൂണിറ്റുകൾ' ആരംഭിക്കുന്നതാണ്. അഞ്ചേക്കറിൽ കുറയാതെയുള്ള പ്രദേശങ്ങളിൽ ചെറുവനങ്ങളുടെ പുനഃസൃഷ്ടി വിഭാവനം ചെയ്യുന്ന 'വന ദീപ്തി' പദ്ധതി വരുംവർഷത്തേക്കുവേണ്ടി നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്ന മറ്റൊരു സംരംഭമാണ്. നാല് മാതൃകാ തേക്കിൻ തോട്ടങ്ങൾകൂടി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. തൃശൂർ ജില്ലയിലെ പുത്തൂരിൽ 'തൃശൂർ സുവോളജിക്കൽ പാർക്ക് ആന്റ് റിസർച്ച് സെന്ററി'ന്റെ നിർമ്മാണം ഒരു മാസത്തിനുള്ളിൽ ആരംഭിക്കും. പുറക്കാട്ടെ ഗാന്ധിസ്മൃതി വനത്തിന്റെയും വാഗമണിലെ ഓർക്കിഡ് ഗാർഡന്റെയും രൂപീകരണം ഈ വർഷത്തെ എടുത്തുപറയേണ്ട കാര്യങ്ങളിൽ ചിലതാണ്.

57. വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ ജോലി ഈ വർഷം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തീരസമുദ്ര ഗതാഗതത്തിനായി (Coastal Shipping) ഒരു കർമ്മപദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതും മാരിടൈം ബോർഡ് സ്ഥാപിക്കുന്നതിനായുള്ള നിയമനിർമ്മാണം നടന്നുവരികയുമാണ്. അഴീക്കൽ, പൊന്നാനി, ബേപ്പൂർ, കൊല്ലം, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നല്ല നിലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. റോഡ്/റെയിൽ വഴി ഇപ്പോൾ നടത്തുന്ന ചരക്ക് നീക്കത്തിന്റെ 40% 2020-ഓടുകൂടി തീരസമുദ്രഗതാഗതം വഴിക്ക് തിരിച്ചുവിടുവാൻ പദ്ധതിയുണ്ട്. ഇത് പ്രോത്സാഹിപ്പിക്കുന്നതിലേക്കായി, സംസ്ഥാനത്തിന്റെ ജലാതിർത്തിയിൽ കൂടിയുള്ള തീരദേശ ഗതാഗതം വഴിയുള്ള ചരക്കു നീക്കത്തിന് ഒരു രൂപ/ടൺ/കി.മീ. എന്ന നിരക്കിൽ സബ്സിഡി നൽകാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

58. നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി നീണ്ടകരയിലും കൊടുങ്ങല്ലൂരിലും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതാണ്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി

പൊന്നാനിയിൽ 20 MT ശേഷിയുള്ള ഒരു തുറമുഖത്തിന്റെ നിർമ്മാണം, ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, ആലപ്പുഴയിൽ ചെറിയ യാത്രാ കപ്പലുകൾക്കായി മെറീനയും ബർത്തിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തൽ എന്നിവ ഈ മേഖലയിലെ മറ്റു പ്രധാന വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വലിയതുറയിൽ ഒരു മാരിടൈം മ്യൂസിയം സ്ഥാപിക്കുന്നതാണ്.

59. വ്യാവസായിക-ഗാർഹിക ഉപഭോക്താക്കൾക്ക് മതിയായ വൈദ്യുതി വിതരണം ഉറപ്പാക്കേണ്ടത് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് അനിവാര്യമാണെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ഊർജ്ജോത്പാദന രംഗത്ത് ജല വൈദ്യുത ശേഷിയിൽ 140 മെഗാവാട്ട്കൂടി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. സൗരോർജ്ജത്തെയും കാറ്റിൽനിന്നുള്ള ഊർജ്ജ ത്തെയും ജനപ്രിയമാക്കുന്നതിൽ എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നു. ഊർജ്ജോത്പാദനം 100 MW-ലേക്ക് എത്തിക്കുന്നതിനായി സർക്കാർ ഓഫീസുകളിൽ ഗ്രിഡ് ബന്ധിത സോളാർ പാനലുകളും വീടുകളിൽ ഓഫ്ഗ്രിഡ് റൂഫ് ടോപ്പ് സോളാർ സംവിധാനവും സ്ഥാപിക്കുന്ന തിലേയ്ക്കായി നടപടികൾ എടുത്തുവരികയാണ്. കുഴൽമന്ദത്ത് അനർട്ട് മുഖേന 2 മെഗാവാട്ട് (MW) സൗരോർജ്ജ പവർ സ്റ്റേഷൻ സ്ഥാപിക്കുക, സബ്സിഡിയോടുകൂടിയ ഒരു ലക്ഷം സൗരോർജ്ജ റാന്തലുകളുടെ വിതരണം, 10,000 സൗരോർജ്ജ തെരുവു വിളക്കുകളുടെ വിതരണം എന്നിവയാണ് മറ്റ് സംരംഭങ്ങൾ. കാറ്റിൽനിന്നുള്ള ഊർജ്ജശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി "ബിൽഡ് ഓൺ ഓപ്പറേറ്റ്"

അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏകദേശം 200 മെഗാവാട്ട് (200 MW) കാറ്റിൽനിന്നുള്ള ഊർജ്ജം അടിസ്ഥാനമാക്കിയുള്ള വൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിനായി എന്റെ സർക്കാർ എൻ.ടി.പി.സി. (NTPC)-യുമായി ഒരു ധാരണാപത്രം (MSMU) ഒപ്പുവെച്ചിട്ടുണ്ട്. കിൻഫ്ര, അവരുടെ ടെക്സ്റ്റൈൽ പാർക്കിൽ അനുവദിച്ചുനൽകിയ സ്ഥലത്ത് ഒരു 22 മെഗാവാട്ട് "കാറ്റാടി പാടം" (Wind Farm) സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

60. ബ്രഹ്മപുരത്ത് കെ. എസ്. ഇ. ബി. (K.S.E.B.) യുടെ സ്ഥലത്ത് 300 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത പവർപ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. 'റീസ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആന്റ് റിഫോം പ്രോഗ്രാം' (RAPDRP) നടപ്പിലാക്കുന്നത് 2014 മദ്ധ്യത്തോടെ പൂർത്തിയാകുന്നതാണ്.

61. സംസ്ഥാനത്ത് കാലാവസ്ഥാവ്യതിയാനം കൊണ്ടുണ്ടായ ദോഷഫലങ്ങളെയും മുമ്പ് ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള വരൾച്ചാ സ്ഥിതിവിശേഷത്തെയും കുറിച്ച് എന്റെ സർക്കാരിന് തികഞ്ഞ ബോദ്ധ്യമുണ്ട്. ജലസംരക്ഷണവും പരിപാലനവും പരിപാടികൾ ഫലപ്രദമാക്കുന്നതിന് സർക്കാർ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്. ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളെ അനുയോജ്യമായ സാങ്കേതിക വിദ്യകൾ സ്വീകരിച്ച് കൂടുതൽ കാര്യക്ഷമവും ആധുനികവുമാക്കി സംസ്ഥാനത്ത് കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുക എന്നതായിരിക്കും നയം.

ജലസ്രോതസ്സുകൾ വറ്റിവരണ്ട മേഖലകളിൽ രാജീവ്ഗാന്ധി കുടിവെള്ള മിഷന് കീഴിലുള്ളതുപോലുള്ള ചെറിയ ജലവിതരണ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്. ഈ സാഹചര്യം നേരിടുന്നതിനായി ഭൂജലവകുപ്പിനെ ശക്തിപ്പെടുത്തിവരികയാണ്. കേരള വാട്ടർ അതോറിറ്റിയുടെ 45 വൻകിട ജലവിതരണ പ്രോജക്റ്റുകളുടെയും ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പ്രോജക്റ്റിൻ കീഴിലുള്ള എല്ലാ പദ്ധതികളുടെയും പൂർത്തീകരണം അടുത്ത വർഷത്തിൽ കുടിവെള്ളലഭ്യത മെച്ചപ്പെടുത്തുന്നതാണ്. സാദ്ധ്യമാകുന്നത്ര തടയണകൾ നിർമ്മിക്കുന്നതിലും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും പ്രാധാന്യം നൽകുന്നതാണ്.

62. എന്റെ സർക്കാർ, സംസ്ഥാനത്ത് ഉന്നത നിലവാരമുള്ള റോഡുകളുടെ വികസനത്തിന് ഗണ്യമായ പ്രാധാന്യം നൽകിവരികയാണ്. കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലെ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റുകളുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കൽ രണ്ടുമാസത്തിനകം പൂർത്തീകരിക്കുന്നതാണ്. ഈ പ്രോജക്റ്റുകൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ ഈ വർഷം തന്നെ തുടങ്ങുന്നതാണ്. 'കോഴിക്കോട് സിറ്റി റോഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റിന്റെ' (Kozhikode City Road Development Project) ഒന്നാം ഘട്ടത്തിന്റെ പണി ഈ വർഷം ആരംഭിക്കുന്നതാണ്. തിരുവനന്തപുരം സിറ്റി റോഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റിന്റെ രണ്ടാം ഘട്ടത്തിന്റെ നടപ്പിലാക്കൽ ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (RICK) മുഖേന സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേയുടേയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടേയും 1204 കി. മീറ്റർ, ലോക നിലവാരത്തിലേക്ക്

ഉയർത്തുന്നതാണ്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (KHRI) മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നതാണ്. എന്റെ സർക്കാർ ദേശീയപാതകളോട് ചേർന്ന് പുതിയ ബൈപ്പാസുകളുടെ നിർമ്മാണത്തിന് പരമപ്രാധാന്യം നൽകുന്നതും കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപ്പാസുക ളുടെ പൂർത്തീകരിക്കാത്ത നിർമ്മാണജോലികൾ കേന്ദ്രസർക്കാരു മായി ചെലവ് പങ്കിടൽ അടിസ്ഥാനത്തിൽ പൂർത്തിയാക്കുവാൻ നടപടികൾ സ്വികരിക്കുന്നതുമാണ്.

63. കെ.എസ്.റ്റി.പി. (KSTP)-യുടെ കീഴിൽ ലോക ബാങ്കിന്റെ സഹായത്തോടുകൂടി കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള റോഡ് ഒരു മോഡൽ സേഫ്റ്റി കോറിഡോർ ആയി വികസിപ്പിച്ചുവരികയാണ്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിൻകീഴിൽ, റോഡ്-റെയിൽ-ജലഗതാഗത സംവിധാ നങ്ങളെ സംയോജിപ്പിച്ചുകൊണ്ട് മൾട്ടിമോഡൽ സംയോജിത ഗതാഗത സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ, തിരുവനന്ത പുരത്തും കൊച്ചിയിലും കോഴിക്കോടും ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോടും തിരുവനന്തപുരത്തും മോണോറെയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്. എം. എൽ. എ. ഹോസ്റ്റലിലെ 30 വർഷം പഴക്കമുള്ള പമ്പാബ്ലോക്കിനും അതിലെ കെട്ടിടങ്ങൾക്കും പകരമായി എം.എൽ.എ. മാർക്ക് എല്ലാവിധ ആധുനികസൗകര്യങ്ങളോടും കൂടിയ പുതിയ റെസിഡൻഷ്യൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതാണ്.

64. വിനോദ സഞ്ചാര മേഖലയിലെ തിളക്കമാർന്ന വളർച്ച ഊട്ടിയുറപ്പിക്കുന്നതിനും വിവിധ സംരംഭങ്ങളിലൂടെ മേഖലയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിനും എന്റെ

സർക്കാർ ഉദ്ദേശിക്കുന്നു. സീപ്ലെയിൻ (Seaplane) പ്രോജക്റ്റ് ഈ വർഷത്തിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതും പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ മാസ്റ്റർ പ്ലാനുകളി ലൂടെ സമഗ്രമായി വികസിപ്പിക്കുന്നതുമാണ്. മലബാർ മേഖല യിലെ വിനോദസഞ്ചാര സാദ്ധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതി നായി പ്രസ്തുത മേഖലയിൽ രണ്ടു മെഗാകൾച്ചറൽ ഹബുകൾ വികസിപ്പിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി 'ആലപ്പുഴ മെഗാ ബാക്ക് വാട്ടർ ടൂറിസം സർക്യൂട്ടും' 'നോർത്ത് കേരള മെഗാ ടൂറിസം സർക്യൂട്ടും' വികസിപ്പിക്കുന്നതാണ്. വിനോദസഞ്ചാര രംഗത്തെ പരിശീലനത്തിനും മാനവശേഷി വികസനത്തിനും ഉള്ള 'മികവിന്റെ കേന്ദ്രമായി' 'കിറ്റ്സി'നെ (KITTS) ഉയർത്തുന്നതാണ്.

65. എന്റെ സർക്കാർ എയർ കേരള എന്ന സ്വന്തം എയർ ലയിൻ ആരംഭിക്കുക എന്ന ലക്ഷ്യത്തിനായി പരിശ്രമിക്കുന്നതും ഈ സ്വപ്നം ഉടനെ യാഥാർത്ഥ്യമാക്കാമെന്ന ശുഭാപ്തി വിശ്വാസ ത്തിലുമാണ്. സംസ്ഥാനത്ത് ഗതാഗത സൗകര്യങ്ങൾ വികസിപ്പി ക്കുന്നതിൽ കാര്യമായ പുരോഗതി നേടിയിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രോജക്റ്റിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ കാര്യമായി പുരോഗമിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്ത നങ്ങൾ ഈ വർഷം ആരംഭിക്കുന്നതുമാണ്. ഇടുക്കിയുടെയും വയനാടിന്റെയും ഗ്രീൻ ഫീൽഡ് വിമാനത്താവള പ്രോജക്റ്റുകൾക്ക് വേണ്ടിയുള്ള സാദ്ധ്യതാ പഠനങ്ങൾ ഇതിനകം പൂർത്തിയാക്കി യിട്ടുള്ളതും, 2013-14 വർഷത്തിൽ ഗണ്യമായ പുരോഗതി പ്രതീക്ഷി ക്കുന്നതുമാണ്. ഭൂവുടമകൾക്ക് ഉചിതമായ നഷ്ടപരിഹാര-പുനരധി വാസ പാക്കേജോടുകൂടി തിരുവനന്തപുരം, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ വിപുലീകരണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

66. കൊച്ചി മെട്രോ പ്രോജക്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും എന്റെ സർക്കാർ നടത്തുന്നതാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ഒരു കേന്ദ്ര-സംസ്ഥാന കമ്പനിയായി 2012 സെപ്റ്റംബറിൽ പുനഃസംഘടിപ്പിച്ചിട്ടുള്ളതാണ്. ഈ പ്രോജക്റ്റ് നടപ്പിലാകുന്നതോടെ കൊച്ചിയെ രാജ്യത്തെ പ്രമുഖ 'ടയർ-ടു' (Tier-2) നഗരങ്ങളിൽ ഒന്നായും സുപ്രധാന നിക്ഷേപ സ്ഥാനമായും മാറ്റിയെടുക്കുന്ന പ്രക്രിയയെ ത്വരിതപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

67. സംസ്ഥാനത്ത് റോഡപകടങ്ങളുടെ വർദ്ധനവിന് വിരാമമിടാനും റോഡുകൾ കൂടുതൽ സുരക്ഷിതമാക്കുവാനും എന്റെ സർക്കാർ ദൃഢനിശ്ചയത്തിലാണ്. ഇതിലേക്കായി, നിയമം നടപ്പിലാക്കുന്നത് നേരിട്ടുള്ള പരിശോധനാരീതിയിൽ നിന്നും കൂടുതൽ ഉന്നതതലത്തിലുള്ള ആധുനിക വിദൂര നിയന്ത്രിത നിരീക്ഷണ രീതിയിലേക്ക് മെച്ചപ്പെടുത്തുന്നതും റഡാർ നിരീക്ഷണ സംവിധാനങ്ങളും 'റിമോട്ട് ക്യാമറ മോണിറ്ററിംഗ്' സംവിധാനങ്ങളും സംസ്ഥാനത്തിന്റെ പ്രധാന ഹൈവേകളുടെ മുഴുവൻ ദൂരവും അന്തിമമായി ഉൾക്കൊള്ളിച്ചുകൊണ്ട് സ്ഥാപിക്കുന്നതുമാണ്. ഇതിനകം കമ്മീഷൻ ചെയ്യപ്പെട്ട സൗകര്യങ്ങൾക്ക് പുറമെ എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ സ്റ്റേഷനുകളും ഡ്രൈവർ ടെസ്റ്റിംഗ് യാഡുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഗതാഗത വകുപ്പ് 'റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ' (RFID) 'വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം' നടപ്പിലാക്കുന്നതുമാണ്.

68. പബ്ലിക് യൂട്ടിലിറ്റികൾ ഉപയോഗിക്കുന്ന ഡീസലിന്റെ കേന്ദ്ര സബ്സിഡി അടുത്തിടെ പിൻവലിച്ചത് കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനത്തിന് കനത്ത

വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ഈ തീരുമാനം പിൻവലിക്കുന്നതിനായി ഭാരത സർക്കാരിനെ പ്രേരിപ്പിക്കുവാൻ കഴിയുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുമ്പോഴും ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. കെ. എസ്. ആർ. ടി. സി.-യുടെ മൊത്തത്തിലുള്ള നടത്തിപ്പും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനായി നവീകരണ നടപടികളുടെ ഒരു ശ്രേണിതന്നെ നടന്നു വരുന്നു. കമ്പ്യൂട്ടർവത്കരണം, പത്ത് ബസ് സ്റ്റേഷനുകളിൽ വനിതാ യാത്രക്കാർക്ക് സൗകര്യ കേന്ദ്രങ്ങൾ ഏർപ്പെടുത്തൽ, ആറ് ബസ്സ് സ്റ്റേഷനുകളിൽകൂടി ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പടെയുള്ള ടെർമിനലുകളുടെ നിർമ്മാണം, ജീവനക്കാർക്കായി ഒരു ആധുനിക പരിശീലന സമുച്ചയം, തിരുവനന്തപുരം നഗരത്തിലെ ആനയറയിൽ ഒരു പുതിയ ഡിപ്പോ എന്നിവ പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു.

**69.** എന്റെ സർക്കാർ, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിൻ കീഴിൽ വൻകിട അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വിഴിഞ്ഞം, മുതലപ്പൊഴി, ചേറ്റുവ, കൊയിലാണ്ടി, തലായി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ 2013–2014-ൽ പൂർത്തീകരിക്കുന്നതാണ്. ചെത്തി മൽസ്യബന്ധന തുറമുഖത്തിന്റെ ഒന്നും രണ്ടും ഘട്ട വികസന പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തീകരിക്കും. താനൂരിലെ മൽസ്യബന്ധന തുറമുഖത്തിന്റേയും മുനക്കാകടവിലെ ഫിഷ് ലാന്റിംഗ് കേന്ദ്രത്തിന്റെയും നിർമ്മാണ ജോലികൾക്ക് തുടക്കം കുറിക്കുന്നതാണ്. എന്റെ സർക്കാർ, 300 കിലോമീറ്റർ വരുന്ന തീരദേശ റോഡുകൾ വരും വർഷത്തിൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. അർത്തുങ്കൽ, വെള്ളയിൽ

എന്നീ തുറമുഖങ്ങളുടെ പണി ഈ വർഷം ആരംഭിക്കും. ബേപ്പൂർ, തോട്ടപ്പള്ളി, എന്നീ മൽസ്യബന്ധന തുറമുഖങ്ങളും ചാലിൽ, ഗോപാൽപേട്ട, ന്യൂ മാഹി, ധർമ്മടം എന്നീ ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളും എൻ. എഫ്. ഡി. ബി. (NFDB)-യുടെ സഹായത്തോടെ നവീകരിക്കുന്നതിനുള്ള പുതിയ പദ്ധതികൾ കൊണ്ടുവരാൻ 2013-14-ൽ ഉദ്ദേശിക്കുന്നു. പൂന്തുറ, വർക്കല ചിലക്കൂർ, തെക്കൻ പരവൂർ, പുന്നപ്ര, പുതിയങ്ങാടി എന്നിവിടങ്ങളിൽ 'ന്യൂ മോഡൽ ആന്റ് ഇ. ഐ. എ.' (New Model And EIA) പഠനവും കൂടി 2013-2014-ൽ ഏറ്റെടുക്കുന്നതാണ്.

70. സംസ്ഥാനത്തിന്റെ ജലപാതകളുടെ ബൃഹത്തായ സാധ്യത കണക്കിലെടുത്ത് എന്റെ സർക്കാർ ഉൾനാടൻ ജലഗതാഗതത്തിന് മുൻഗണന നൽകുന്നു. കോട്ടപ്പുറം മുതൽ മാഹി വരെയുള്ള മുഴുവൻ ഭാഗവും ബന്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വടകര-മാഹി കനാലിന്റെ നിർമ്മാണം നടപ്പു വർഷം ആരംഭിക്കുന്നതാണ്.

71. എന്റെ സർക്കാർ 2015-ഓടെ കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി (Zero Landless State)മാറ്റുമെന്ന് കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി, 2.33 ലക്ഷം ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരുടെ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 2013 ആഗസ്റ്റ് 15-ഓടെ ഒരു ലക്ഷത്തിൽ അധികം ആളുകൾക്ക് ഭൂമി വിതരണം ചെയ്യുന്നതാണ്. ഈ വർഷം, 557 ഗ്രാമങ്ങളിലേയ്ക്ക് ഓൺലൈൻ പോക്കുവരവ് സംവിധാനം വ്യാപിപ്പിക്കുന്നതാണ്. നികുതികളും ഫീസുകളും ഓൺലൈനായി അടയ്ക്കുന്നതിനും അതുപോലെ ബാങ്കുകൾ മുഖേന നേരിട്ട് ഒടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

72. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുവിതരണ സമ്പ്രദായവും അതിനു സഹായകമാകുന്ന അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഊന്നൽ നൽകുന്നതാണ്. 'എൻഡ്-ടു-എൻഡ്' (End-to-End) കമ്പ്യൂട്ടർവത്ക്കരണം ഘട്ടം ഘട്ടമായി ആരംഭിക്കുന്നതാണ്. ഓരോ താലൂക്കിലും സഞ്ചരിക്കുന്ന ഓരോ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. ഈ സൗകര്യങ്ങൾ ഇല്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുറക്കുന്നതാണ്. കൂടുതൽ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി മാറ്റുന്നതും തെരഞ്ഞെടുത്ത സൂപ്പർമാർക്കറ്റുകളെ പീപ്പിൾസ് ബസാറുകളായി ഉയർത്തുന്നതുമാണ്. 'കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി' സ്വകാര്യ മേഖലയിൽ നിന്നുള്ള 750 കോടിയോളം രൂപ മുതൽ മുടക്കിൽ വിവിധ മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾക്കായും നാലായിരം പേർക്ക് തൊഴിൽ സാദ്ധ്യതകൾ പ്രതീക്ഷിക്കുന്നതുമായ 25 ഉത്പാദന യൂണിറ്റുകളുള്ള ഒരു 'ഫുഡ്പാർക്ക്' സ്ഥാപിക്കുന്നതാണ്. ഭക്ഷണത്തിന്റെയും ഭക്ഷ്യഇനങ്ങളുടെയും ഉത്പാദനത്തിലും വിതരണത്തിലും ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിന് ഒരു ഭക്ഷ്യസുരക്ഷാ സർവ്വേ നടത്തുന്നതാണ്. പൊതുവിപണിയിലെ നിരക്കിന്റെ പകുതിവിലയിൽ പതിമൂന്ന് അവശ്യസാധനങ്ങളുടെ വിതരണവും ബി.പി.എൽ. (BPL) കുടുംബങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകളുടെ വിതരണവും സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ഗണ്യമായ ആശ്വാസം നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ അത്യാധുനിക ഷോപ്പിങ്ങ് സൗകര്യങ്ങളോടുകൂടിയ അഞ്ച് ഹൈപ്പർ മാർക്കറ്റുകൾ തുറക്കുന്നതാണ്. 2012-2013-ന്റെ രണ്ടാം ഘട്ടത്തിൽ നെല്ല് സംഭരണത്തിന്റെ അളവ് ഗണ്യമായി ഉയർത്തുന്നതാണ്.

73. എന്റെ സർക്കാർ വിവിധ ക്ഷേമ പരിപാടികളും പ്രവർത്തനങ്ങളും മുഖേന സഹകരണ മേഖലയ്ക്ക് ഗണ്യമായ സംഭാവന നല്കിയിട്ടുണ്ട്. മരണമടഞ്ഞ കടബാദ്ധ്യതക്കാരുടെ 1.50 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളിയതുമൂലം ദുരിതമനുഭവിക്കുന്ന നിരവധി കുടുംബങ്ങൾക്ക് വലിയൊരളവ് ആശ്വാസമേകുവാൻ സാധിച്ചിട്ടുണ്ട്. 2013-2014 വർഷത്തിൽ പങ്കാളിത്ത രീതിയിലുള്ള ഒരു സാമൂഹ്യ സുരക്ഷാനിധി രൂപീകരിക്കുന്നതാണ്. കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് സഹകരണകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. പൊതുവിതരണ മേഖല വിപുലീകരിക്കുന്നതും കൂടുതൽ നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോറുകൾ എന്നിവ ആരംഭിക്കുന്നതുമാണ്.

74. ഇതാദ്യമായി, കായിക താരങ്ങളിൽ വ്യക്തഗതമായ ശ്രദ്ധനൽകിക്കൊണ്ടും സുതാര്യതയ്ക്കും ഒത്തൊരുമയ്ക്കും ഊന്നൽ നൽകിക്കൊണ്ടുമുള്ള ഒരു സമഗ്ര സ്പോർട്സ് നയത്തിന് എന്റെ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ചുവടു പിടിച്ചു കൊണ്ട് അനുയോജ്യമായ ഭേദഗതികൾ സ്പോർട്സ് ആക്റ്റിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. കായിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 100-ഓളം കളി സ്ഥലങ്ങൾ പൂർത്തീകരിക്കുന്നത് 'സ്പോർട്സ് മിനിസ്റ്റേഴ്സ് ഇൻഫ്രാസ്ട്രക്ച്ചറൽ ലീപ് ടു എക്സലൻസ്' (SMILE) വിഭാവനം ചെയ്യുന്നതും അത് കേരളത്തിലെ കായിക രംഗത്തെ ഒരു ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതുമാണ്. 35-ാമത് ദേശീയ കായിക മേള 2013 ഡിസംബറിൽ നടത്തുന്നതിന് എന്റെ സർക്കാർ തയ്യാറെടു

ക്കുകയാണ്. ഇതിലേക്കായി, നാലു ലക്ഷം ചതുരശ്ര അടിയുള്ള ഒരു കായിക ഗ്രാമവും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഗ്രീൻ ഫീൽഡ് സ്റ്റേഡിയവും നിർമ്മിച്ചു വരികയാണ്. അതു പോലെ സീ-പ്ലെയിനുകളിൽ പരിശീലനം നൽകുന്നതിനും രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി ഉദ്ദേശി ക്കുന്നു. മുതിർന്നവരിൽ കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിനായി പി.എ.പി.എ. (PAPA) എന്ന പരിപാടിയും സ്കൂൾ കുട്ടികളെ ലക്ഷ്യമിട്ടിട്ടുള്ള "പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ" (Play a Game Play for Fun) എന്നതും വിപുലീകരിക്കുന്നതാണ്. കേരള സംസ്ഥാന കായിക വികസന നിധിയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്.

75. എന്റെ സർക്കാർ, പുതിയ യുവജന നയം അംഗീകരിച്ചി ട്ടുണ്ട്. ഈ നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി പുതിയ പ്രോജക്ടുകൾക്ക് രൂപം നല്കുന്നതാണ്. എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് യൂത്ത് റിസോഴ്സ് സെന്ററുകളെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള നോഡൽ കേന്ദ്ര ങ്ങളായി പ്രവർത്തിക്കുന്നതിന് വിഭാവനം ചെയ്യുന്നു.

76. എന്റെ സർക്കാർ, മൂന്നാറിൽ മലയാള സിനിമയുടെ ഒരു 'ആർക്കൈവ്' (Archive) സ്ഥാപിക്കുന്നതിനുള്ള നടപടികളി ലാണ്. നമ്മുടെ ഗ്രാമീണ മേഖലകളിൽ സിനിമയെ എത്തിക്കുന്ന തിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മൊബൈൽ തീയേറ്റർ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ആതിഥ്യമരുളുന്നതിനും മറ്റു സാംസ്ക്കാരിക പരിപാടികൾക്കുമായി തിരുവനന്തപുരത്ത്

ഒരു ചലച്ചിത്രോത്സവ സമുച്ചയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ എല്ലാ സിനിമാ തിയേറ്ററുകളിലെയും സാങ്കേതിക വിദ്യ ഉയർത്തുന്നതിനും തിയേറ്ററുകൾ നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

**77.** കേരളത്തിന്റെ മഹത്തായ സാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും നടത്തുന്ന പരിശ്രമങ്ങളിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സ്ഥാനം നമ്മുടെ ജീവിതത്തിൽ ഊട്ടി ഉറപ്പിക്കുന്നതിന് വിശ്വ മലയാള മഹോത്സവം തീർച്ചയായും ഒരു പുതിയ പ്രചോദനം നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി 100 പഞ്ചായത്തുകളിലും 100 ഹൈസ്കൂളുകളിലും ആർട്ട് ഗ്യാലറികളും 100 സ്കൂളുകളിൽ ആർട്സ് ക്ലബ്ബുകളും സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതികൾ കേരള ലളിതകലാ അക്കാദമി തയ്യാറാക്കിയിട്ടുണ്ട്. മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കണമെന്നുള്ള മലയാളികളുടെ ചിരകാലമായ ആവശ്യം സജീവ പരിഗണനയിലുള്ളതും എത്രയും വേഗത്തിൽ അനുകൂല പ്രതികരണമുണ്ടാകുമെന്നും എന്റെ സർക്കാർ പ്രത്യാശിക്കുന്നു. എറണാകുളം ഹിൽ പാലസ് മ്യൂസിയം ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി ഉയർത്തുന്നതാണ്.

**78.** എന്റെ സർക്കാർ പ്രശസ്തരായ ചരിത്രകാരൻമാരുടെയും സമകാലീനരായ മഹത്‌വ്യക്തികളുടെയും ജീവസ്സുറ്റ പ്രതിമകൾ പ്രദർശിപ്പിക്കുന്നതിനായി തൃശ്ശൂരിൽ ഒരു മെഴുകു മ്യൂസിയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. മൂന്നാറിൽ, അന്തർദേശീയ നിലവാരത്തിലുള്ള ഒരു സാംസ്ക്കാരിക സമുച്ചയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. തൃശ്ശൂരിലുള്ള മൃഗശാല പുത്തൂരിലേക്ക് മാറ്റു

ന്നതും തിരുവനന്തപുരം മൃഗശാലയിലെ അധികമായുള്ള മൃഗങ്ങളെ പാർപ്പിക്കുന്നതിനായി ഒരു ചെറിയ മൃഗശാല സ്ഥാപിക്കുന്നതുമാണ്.

79. പരിസ്ഥിതി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമായിട്ടുള്ളതും ഈ ലക്ഷ്യത്തിനായി പ്രധാനപ്പെട്ട പരിഷ്കാരങ്ങൾ സമാരംഭിക്കുന്നതുമാണ്. പശ്ചിമഘട്ടത്തിലെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൻമേലുള്ള എന്റെ സർക്കാരിന്റെ കടുത്ത വിയോജിപ്പുകൾ അസന്നിഗ്ദ്ധമായി പ്രകടിപ്പിച്ചിട്ടുണ്ട്. എന്റെ സർക്കാർ, അതിന്റെ നിർദ്ദേശങ്ങൾ കസ്തൂരി രംഗൻ കമ്മിറ്റിക്ക് നൽകിയിട്ടുള്ളതും അതിൻമേൽ ഒരു അനുകൂല പ്രതികരണം പ്രതീക്ഷിക്കുന്നതുമാണ്. സംസ്ഥാനം, നിലവിലുള്ള നിയമവ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് അതിന്റെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിന് എല്ലായ്പ്പോഴും പ്രയത്നിച്ചിട്ടുണ്ട്. ജൈവവൈവിധ്യ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള ഉടുമ്പൻചോലയിലെ ജൈവവൈവിധ്യ സംരക്ഷണ പദ്ധതി, മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരണീയമായ ഒരു മാതൃകാ പദ്ധതിയായി പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധ പാനലിന്റെ റിപ്പോർട്ടിൽ പ്രശംസ നേടിയിട്ടുണ്ട്. കൂടാതെ, എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ജൈവവൈവിധ്യ നിർവ്വഹണ സമിതികൾ രൂപീകരിക്കുന്നതിനുള്ള നിയമാനുസൃതമായ കർത്തവ്യം സംസ്ഥാനം നിറവേറ്റിയിട്ടുള്ളതും അപ്രകാരം ചെയ്യുന്ന ഭാരതത്തിലെ ആദ്യ സംസ്ഥാനവുമാണ്. എല്ലാ തലങ്ങളിലും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി വികസന പ്രവർത്തനങ്ങളിലെ പാരിസ്ഥിതിക കാഴ്ചപ്പാടുകൾ സമന്വയിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതും ആയതിലേക്കായി സംസ്ഥാനത്തിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഉചിതമായ ഭേദഗതികൾ കൊണ്ടുവരുന്നതുമാണ്. കേന്ദ്ര സഹായ

ത്തോടെയുള്ള രണ്ട് ബയോമെഡിക്കൽ മാലിന്യ നിർമാർജ്ജന സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും, പാർവ്വതീ പുത്തനാറിന്റെ പുനരുജ്ജീവനത്തിനായുള്ള ഒരു ശുചീകരണ സർവ്വെ, പമ്പാ ആക്ഷൻ പ്ലാൻ പുനരുദ്ധാരണം, വേളി-ആക്കുളം തടാക സംരക്ഷണ പദ്ധതി, ജില്ലകൾക്കുവേണ്ടിയുള്ള പാരിസ്ഥിതിക സ്ഥിരത സൂചിക നിർണ്ണയം, കുട്ടനാട് പാക്കേജിന്റെ ഭാഗമായി വേമ്പനാട് തടാകം മാലിന്യ മുക്തമാക്കുന്നതിനുള്ള പഠനം, സ്കൂൾ കോളേജ് കുട്ടികൾക്കായി പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ പരിപാടി എന്നിവയാണ് 2013-14 വർഷത്തിലെ മറ്റ് പ്രധാന ഉദ്യമങ്ങൾ.

**80.** സംസ്ഥാനത്തിന്റെ ഏതൊരു വികസനത്തിനും നിസ്സംശയം അവശ്യഘടകമായിട്ടുള്ള ക്രമസമാധാനവും എല്ലാ പൗരന്മാർക്കും സമാധാനപരവും സുരക്ഷിതവുമായ ഒരു അന്തരീക്ഷവും ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്ത്രീകൾക്ക് കൂടുതൽ സുരക്ഷ നൽകുന്ന ഒരു പുതിയ നിയമം ഉടൻ കൊണ്ടുവരുന്നതാണ്. പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായത്ര അനുപാതം കൊണ്ടുവരുന്നതിനായി സംസ്ഥാനത്തെ പോലീസ് സേനയുടെ അംഗസംഖ്യ വർഷംതോറും അഞ്ച് ശതമാനം വർദ്ധിപ്പിക്കുന്നതാണ്. 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ്, കൂടുതൽ ഫലപ്രദമാക്കുന്നതിനായി തടങ്കൽ കാലാവധി പരമാവധി ഒരു വർഷം വരെയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഭേദഗതി കൊണ്ടുവരുന്നതാണ്. പോലീസ് സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിച്ചുകൊണ്ട്, ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വെവ്വേറെ ആക്കുന്നതിന്

എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കൊച്ചിയിലും, തിരുവനന്തപുരത്തും പൂർണ്ണമായും ശാക്തീകരിച്ച കമ്മീഷണറേറ്റ് സംവിധാനം, അത്യാധുനിക സജ്ജീകരണങ്ങളോടുകൂടി പ്രത്യേകം സജ്ജീകരിച്ച ട്രാഫിക് വിംഗിന്റെ രൂപീകരണം, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക പോലീസ് സേന എന്നിവ ആരംഭിക്കുന്നതുൾപ്പെടെയുള്ള പ്രധാനപ്പെട്ട നടപടികളുടെ ഒരു ശ്രേണി വരും വർഷത്തിൽ സ്വീകരിക്കുന്നതാണ്.

81. പോലീസ് ഉദ്യോഗസ്ഥർക്കും പബ്ലിക് സെർവന്റുമാർക്കും അവരുടെ കുടുംബങ്ങൾക്കും വസ്തുവകകൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ വർഷം, സി.ഐ.എസ്.എഫ്. (C.I.S.F.) മാതൃകയിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയിൽ സെക്യൂരിറ്റി ഫോഴ്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഫയർ ആന്റ് റസ്ക്യു സർവ്വീസിനെ ദ്രുതകർമ്മ സേനയായി മാറ്റുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മീഷനെ നിയമിക്കുന്നതാണ്. നമ്മുടെ ജയിലുകളിലെ അന്തേവാസികളുടെ മാനവശേഷി വിനിയോഗിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ നൽകുന്നതാണ്.

82. പ്രവാസി കേരളീയരുടെ, പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിലുള്ളവരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിൽ എന്റെ സർക്കാർ സദാ ശ്രദ്ധ ചെലുത്തുന്നതാണ്. കൊച്ചിയിൽ വിജയകരമായി പരിസമാപിച്ച 'പ്രവാസി ഭാരതീയ ദിവസ്'-ൽ ഇതിനായി ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു പുനരധിവാസ പദ്ധതി

ആവിഷ്കരിച്ചുവരുന്നു. യു. എ. ഇ. (U. A. E.)-യുടെയും സൗദിഅറേബ്യയുടെയും സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പൊതുമാപ്പ് പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതാണ്.

83. എന്റെ സർക്കാർ, ശബരിമലയുടെ വികസനത്തിന് മുന്തിയ പരിഗണന നൽകുന്നു. ശബരിമല മാസ്റ്റർ പ്ലാനിന്റെ നടത്തിപ്പിനായി 40 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ കയ്യേറിയ ഭൂമി വീണ്ടെടുക്കുന്നതിനായി കൂട്ടായ പരിശ്രമം നടത്തുന്നതാണ്. അനുയോജ്യമായ നിയമ ഭേദഗതികളിലൂടെ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്.

84. മദ്യത്തിന്റെ അമിത ലഭ്യതയും ഉപഭോഗവും കുറയ്ക്കുക എന്ന സാമൂഹിക ലക്ഷ്യം മുൻനിർത്തി സമ്പൂർണ്ണ മദ്യനിരോധനം എന്ന ആത്യന്തികമായ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ അബ്കാരി നയത്തിൽ സമ്പൂർണ്ണമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് എന്റെ സർക്കാർ പദ്ധതിയിടുന്നു. ആൽക്കഹോളിന്റെ അംശം കൂടുതലുള്ള മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനുവേണ്ടി നയപരമായ ഇടപെടലുകൾ നടത്തുവാനുദ്ദേശിക്കുന്നു. 'മദ്യവിമുക്ത കേരളം' എന്ന ഉദ്യമത്തിൽ കുടുംബശ്രീ, മറ്റു സ്വയംസഹായ സംഘടനകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ്, പ്രതിജ്ഞാബദ്ധമായ സർക്കാരിതര സംഘടനകൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ കൂടുതൽ കൂട്ടായ പ്രവർത്തനരീതി കൊണ്ടുവരുന്നതാണ്. സർക്കാർ, ലഹരിവിരുദ്ധ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സർക്കാരിതര സംഘടനകൾക്ക് മതിയായ സഹായം നൽകുന്നതിന്

പദ്ധതി ഇടുന്നതും സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികൾക്കിടയിലുള്ള മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ഒരു ബോധവൽക്കരണ പരിപാടി ആരംഭിക്കുന്നതുമാണ്.

85. "ഭരണ ഭാഷ-മാതൃ ഭാഷ" എന്ന ആപ്തവാക്യത്തിന്റെ അകമ്പടിയോടെ 2012-13 വർഷം ഔദ്യോഗികഭാഷ വർഷമായി ആചരിച്ചുവരികയാണ്. ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുന്നതിനുള്ള വിശദമായ പരിപാടികൾ എന്റെ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഔദ്യോഗികഭാഷ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജില്ലാ കളക്ടർമാർക്ക് അവരുടെ ജില്ലകളിൽ ഈ പ്രവർത്തനങ്ങളിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

86. വിവര-പൊതുജന സമ്പർക്ക വകുപ്പ്, മാധ്യമങ്ങളുമായുള്ള സർക്കാരിന്റെ ബന്ധങ്ങളെ നടത്തിക്കൊണ്ടു പോകുന്നതിൽ സ്ഥിരമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നതും നിരവധി വികസന പരിപാടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തുവരുന്നു. പരാതിയുള്ള ജനങ്ങളുമായി മുഖ്യമന്ത്രി നേരിട്ട് സമ്പർക്കം പുലർത്തുന്നതും ദൂരദർശനിൽ സംപ്രേഷണം ചെയ്യുന്ന പ്രധാന പരിപാടിയുമായ സുതാര്യകേരളം, നൂറുകണക്കിന് പൗരന്മാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സഹായകമായി. തിരുവനന്തപുരത്തുള്ള 'ഇൻഫർമേഷൻ സെന്ററിനെ' 'സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബായി' മാറ്റുന്നതും തിരുവനന്തപുരത്തുള്ള ടാഗോർ തീയേറ്റർ പരിസരത്ത് വിവിധ

ആവശ്യങ്ങൾക്കായി ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതും നിർവ്വഹണഘട്ടത്തിലുള്ള പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു. സർക്കാരിന്റെ ക്ഷേമപദ്ധതികൾ സംബന്ധിച്ച വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നതിന് നമ്മുടെ സർക്കാർ ആഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടാബ്ലോയിഡ് പത്രങ്ങൾ വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.

87. വരുംതലമുറയ്ക്ക് ഭാവിയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കഴിവിന് വിട്ടുവീഴ്ച ചെയ്യാതെതന്നെ നിലവിലുള്ള ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള വികസനമാണ് സുസ്ഥിര വികസനം. പരിസ്ഥിതി കരുതലോടെ സംരക്ഷിക്കുകയും നമ്മുടെ ഭൂമിക്ക് ദോഷം വരുത്താതിരിക്കുകയും ചെയ്യുന്ന തരത്തിലുള്ള വികസനത്തിന്റെ ഉത്തമ മാതൃക തിരിച്ചറിയുക എന്നതാണ് ഇന്ന് പുരോഗമനോന്മുഖമായ രാഷ്ട്രങ്ങളുടെ ലക്ഷ്യം. ഭൂവിഭവങ്ങൾ കുറവായിട്ടുള്ളതും മാനവ-വിഭവശേഷിയാൽ സമ്പുഷ്ടമായിട്ടുള്ളതുമായ നമ്മുടേതുപോലുള്ള ഒരു സംസ്ഥാനത്ത് നമ്മുടെ മാനവ-പ്രകൃതിവിഭവങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് സമഗ്രവളർച്ചയുടെ പുതിയ തന്ത്രങ്ങൾ നമുക്ക് കൈക്കൊള്ളേണ്ടതായിട്ടുണ്ട്. നീതിപൂർവ്വകമായ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതും നമ്മുടെ സംസ്ഥാനത്തിന്റെ വിഭവ പരിമിതികൾക്കും വെല്ലുവിളികൾക്കുമിടയിലും സംസ്ഥാനത്തിന് പുരോഗതി കൈവരിക്കുവാൻ പ്രാപ്തമായിട്ടുള്ളതുമായ, സംസ്ഥാനത്തിന്റെ വരുമാനം നിരന്തരം മെച്ചപ്പെടുത്തുന്ന ഒരു പുതിയ വൈവിദ്ധ്യമാർന്ന വളർച്ച നമുക്ക് ആവശ്യമായിട്ടുണ്ട്.

88. ഉന്നതമായ ലക്ഷ്യവും ദൃഢനിശ്ചയവുമാണ് ഇന്ന് നമ്മെ ഒരുമിപ്പിച്ച് നിർത്തേണ്ടത്. നാനാവിധത്തിലുള്ള നമ്മുടെ വിശ്വാസങ്ങൾക്കും അഭിപ്രായങ്ങൾക്കുമിടയിലും ജനങ്ങളുടെയും

സംസ്ഥാനത്തിന്റെയും പൊതുനന്മയ്ക്കായി നാം ഒരുമിച്ച് നിൽക്കേണ്ടതായിട്ടുണ്ട്. നമ്മുടെ വിലപ്പെട്ട വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും നമ്മുടെ ജനങ്ങൾക്ക് നൽകിയ ദൃഢമായ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനുമുള്ള നമ്മുടെ അശ്രാന്ത പരിശ്രമങ്ങൾക്ക് പലമടങ്ങ് ഫലപ്രാപ്തി ഉണ്ടാകുന്ന ഒരു വർഷമായിരിക്കും ഇനി മുൻപിലുള്ളത് എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

**ജയ്ഹിന്ദ്**